# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/ പി-2 /1017/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 28/12/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/ പി-2 /1017/2022 തീയ്യതി: 28/12/2022

## വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അഗസ്റ്റ്യൻ ഒ. കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ) | 12-10-2022 | 25-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 25-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ

ശ്രീ സമീർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ഇന്ദു കെ നായർ , സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ അനിൽ ജോസ് ഡൊമിനിക്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അംബിക ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബോബൻ ചാക്കോ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഷെഫീഖ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ടി.ജി.ശിവദാസൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഷഹസാദ്.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ശാന്തിനി.ടി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ സുജിത് കുമാർ | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി അഞ്ജലി എം | ഡയറി ഫാം ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. ഹരീഷ് ഹർഷൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുജാത.പി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മുരളീധരൻ. എൻ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. സണ്ണി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ വിവേക് വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 02-08-2021 |
| ശ്രീ ജയകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-08-2021 | 01-12-2021 |
| ശ്രീ സലോഷ് എൽദോ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2021 | 10-03-2022 |
| ശ്രീ സുധി പി | ഓവർസീയർ (അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ്) | 11-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-11 |
| 12 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - പരിമിതികൾ | 1-12 |
| 13 | ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിലെ പൊതു അപാകതകൾ. | 1-13 |
| 14 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല | 1-13-1 |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. | 1-13-2 |
| 16 | ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-13-3 |
| 17 | ഗ്രാമപഞ്ചയാത്ത് പരിധിയിലെ കോറോം ഹില്ല് റിസോർട്ടിന്റെ ക്രമവൽക്കരണം,നികുതി നിർണ്ണയം എന്നിവയിലെ അപാകതകൾ | 1-14 |
| 18 | രശീത് ബുക്ക് മുഖേനയുള്ള വെറ്ററിനറി സർജന്റെ പണപിരിവിലെ ന്യൂനതകൾ | 1-15 |
| 19 | രസീത് ബുക്ക് മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവ് വരുത്തിയിട്ടില്ല | 1-15-1 |
| 20 | തിരുത്തലുകൾ വരുത്തിയ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല | 1-15-2 |
| 21 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിലെ അപാകതകൾ | 1-16 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-17 |

| | | |
|---|---|---|
| 23 | വെറ്ററിനറി സർജന്റെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം | 1-18 |
| 24 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല | 1-19 |
| 25 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം- 5,98,566 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-20 |
| 26 | ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകൽ പദ്ധതി-എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. | 1-21 |
| 27 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-22 |
| 28 | മരണപ്പെട്ട വ്യക്തികളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടുന്നില്ല, സർക്കാരിന് ധന നഷ്ടം സംഭവിക്കുന്നു. | 1-23 |
| 29 | അങ്കണവാടി പോഷകാഹാരം - ഭക്ഷ്യസാധനങ്ങൾ വാങ്ങിയ വകയിൽ ₹252648/- അധികം നൽകി | 1-24 |
| 30 | സ്നേഹയാനം ഓട്ടോ സർവീസ് - മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല | 1-25 |
| 31 | രോഗപ്രതിരോധ പ്രവർത്തനങ്ങളും, ആരോഗ്യ ബോധവത്കരണവും - പദ്ധതിയിലുൾപ്പെടാത്തയിനങ്ങൾക്ക് തുക അനുവദിച്ചു | 1-26 |
| 32 | പെയിൻ & പാലിയേറ്റീവ് - അപാകതകൾ | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statement |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ബജറ്റ് 03/03/2021 തീയതിയിലെ 23(2) നമ്പർ തീരുമാന പ്രകാരവും , പരിഷ്കരിച്ച ബജറ്റ് 04/03/2022 ലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 22659425 | 13482335 |
| വരവ് | 250116000 | 250911000 |
| ആകെ | 2727775425 | 264393335 |
| ചെലവ് | 271381000 | 262781000 |
| നീക്കിബാക്കി | 1394425 | 1612335 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 162(എ) -ാം വകുപ്പ് പ്രകാരം ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ) ചട്ടങ്ങൾ 60 -ാം ചട്ടം അനുസരിച്ച് എല്ലാ മാസവും 10- ാം തിയ്യതിയ്ക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻമാസത്തെ സാമ്പത്തിക സ്ഥിതി വിലയിരുത്തണം. കേരള പഞ്ചായത്ത് ബഡ്ജറ്റ് മാന്വൽ ഖണ്ഡിക നം. 4.3(1) അനുസരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ/ വാർഷിക ബഡ്ജറ്റ് അവലോകനം നടത്തണം. സമയബന്ധിതമായി വിഭവ സമാഹരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. ബഡ്ജറ്റിൽ നിന്നും വ്യതിചലിച്ചു കൊണ്ട് യാതൊരു ചെലവും നടത്താൻ പാടില്ല.(കേരള പഞ്ചായത്ത് രാജ് നിയമം 214(6&8)-ാം വകുപ്പ് ) ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെലവ് നടത്തേണ്ട ഒരു അനിവാര്യമായ അടിയന്തിര സാഹചര്യം വരുകയാണെങ്കിൽ അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങണം.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വൽ ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള ബജറ്റ് രൂപീകരണം എന്ന സമീപനമാണ് പഞ്ചായത്ത് രാജ് നിയമം വിഭാവനം ചെയ്തിട്ടുള്ളത്.ജനങ്ങളുടെ വികസന സേവന താൽപര്യങ്ങൾ മുൻനിർത്തികൊണ്ടുള്ള ജനപങ്കാളിത്തത്തോടെയുള്ള ബഡ്ജറ്റ് രൂപീകരണമാണ് ഉണ്ടാകേണ്ടത്.ആയത് ജനപ്രതിനിധികൾക്കും ,സാധാരണ ജനങ്ങൾക്കും മനസ്സിലാകുന്ന തരത്തിൽ അവതരിപ്പിക്കേണ്ടതും പ്രചാരണം നൽകേണ്ടതുമാണ്.

ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത് . ആയതിനാൽ പദ്ധതി -പദ്ധതിയേതര ഇനങ്ങളിൽ ബഡ്ജറ്റ് മാന്വലിൽ നിർദ്ദേശിച്ച നടപടിക്രമങ്ങളും , സമയക്രമങ്ങളും പാലിച്ചാണ് ബഡ്ജറ്റ് തയ്യാറാക്കിയത് എന്ന് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. ബഡ്ജറ്റ് തയ്യാറാക്കുന്നതിലും, അവതരിപ്പിക്കുന്നതിലും നടപടി ക്രമങ്ങൾ പാലിക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 31.07.2022 | --- | --- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17638344 |
| തൻവർഷ വരവ് | 131453035 |
| ആകെ | 149091379 |
| ചെലവ് | 116243911 |
| നീക്കിയിരിപ്പ് | 32847468 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്/അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 27091404 | 27091404 | 25780756 | 1310648 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | - | 1610125 | 1610125 | 1493130 | 116995 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | - | 12341814 | 12341814 | 11393236 | 948578 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 17366000 | 17366000 | 14858295 | 2507705 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 8475678 | 8475678 | 4947122 | 3528556 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 21475763 | 21475763 | 12783663 | 8692100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളു ശതമാനം |
|---|---|---|---|---|---|---|
| 294 | 158961750 | 218 | 87793298 | 20 | 56 | 74.14% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 38 | 32 | 21270373 | 15491849 | 72.8 |
| അസി.സെക്രട്ടറി | 6 | 6 | 34963611 | 4293873 | 12.3 |
| വി ഇ ഒ | 21 | 21 | 17294092 | 11410255 | 66 |
| കൃഷി ഓഫീസർ | 6 | 6 | 2314800 | 1771133 | 76.5 |
| വെറ്ററിനറിസർജൻ | 19 | 16 | 8971498 | 3732465 | 41.6 |
| ഐസി ഡി എസ് സൂപ്പർവൈസർ | 9 | 9 | 8411640 | 8199933 | 97.5 |
| മെഡിക്കൽ ഓഫീസർ എഫ്. എച്ച് സി | 7 | 7 | 2953960 | 2524763 | 85.5 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 3549000 | 658199 | 18.5 |

| | | | | | |
|---|---|---|---|---|---|
| ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 1250000 | 1250000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 1200000 | 1200000 | 100 |
| ഹെഡ് മാസ്റ്റർ | 10 | 10 | 3618000 | 2735156 | 75.6 |
| അസി. എഞ്ചിനിയർ | 173 | 127 | 53164776 | 34525672 | 64.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 40742 | 3112700 | 3153442 | 3088949 | 64493 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് വേതനം | 0 | 81364192 | 81364192 | 81364192 | |
| മെറ്റീരിയൽസ് | | 14491126 | 14491126 | 14491126 | |
| ആകെ | | 95855318 | 95855318 | 95855318 | |

(ഭരണചെലവിനത്തിൽ വാർഷിക കണക്കും , ക്യാഷ് ബുക്കും പൊരുത്തപ്പെടുന്നില്ല. എം.എൽ.ആർ.ജി.എ. യുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്)

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 10617800 | 578 |
| വിധവാപെൻഷൻ | 19972200 | 1053 |
| വാർദ്ധക്യകാലപെൻഷൻ | 25604200 | 1386 |
| വികലാംഗപെൻഷൻ | 5802700 | 306 |
| അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 243200 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/10/2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,040/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വരവുകൾ സംബന്ധിച്ച് പ്രതിമാസ വിശകലനം നടത്തുന്നില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/05/2022 | 2021 ഏപ്രിൽ മുതൽ 2021 | 25.08.2022 |

| | | | |
|---|---|---|---|
| | | സെപ്റ്റംബർ വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.07.2009 | 2004-05 മുതൽ 2008-09 വരെ | 26.10.2009 |

## 1-11 വാർഷിക കണക്കുകളിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷിക കണക്കിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

2020-21 വർഷത്തെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 21,29,214

2021 -22 വർഷം വരവ് (ആർ.പി 30 പ്രകാരം) 320100121 -11,98,732

ആകെ - 33,27,946

ചെലവ് (ആർ.പി 30 പ്രകാരം) - 0

നീക്കിയിരുപ്പ് വേണ്ടത് - 33,27,946

ബി.4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് - 11,98,732

4. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 27133998 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ILGMSൽ ഓൺലൈനായി ലഭ്യമാകുന്ന ബാലൻസ് ഷീറ്റ് ബി-16 പ്രകാരം 4,23,28,998 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ ഇല്ലാത്ത ആസ്തി ഉൾപ്പെടുത്തുന്നത് മൂലം വാർഷിക കണക്കിൽ ആസ്തി ബാധ്യത കണക്കുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല. 31.03.2022 ന് 42100632 ജേർണൽ വൗച്ചർ പ്രകാരം 4838333 രൂപ മേൽ ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സബ്സിഡി നൽകുന്നതിനായി വായ്പയായി ലഭിച്ച തുക ആസ്തിയിൽ ഉൾപ്പെടുത്തുന്ന തെറ്റായ അക്കൗണ്ടിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് ഗ്രാമ പഞ്ചായത്തിന്റെ യഥാർത്ഥ സ്ഥിതി വ്യക്തമാക്കുന്നതിന് വിഘാതമാണ്.

6. (A)തൊഴിൽ നികുതി വരവ് രജിസ്റ്ററുകൾ തയ്യാക്കിയിട്ടില്ല.

(I)ഇൻകം &എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം

ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് - 9,92,130

R&P 1 പ്രകാരം വരവ് 9,51,746

ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ളത് - 0

എന്നാൽ രജിസ്റ്ററിൽ മുഴുവൻ തുകയും പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(Ii)തൊഴിൽ നികുതി ട്രേഡേഴ്സ് - I&E 1 ഡിമാന്റ് - 3,99,910

R&P 45 പ്രകാരം വരവ് - 9,600

ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ളത് - 0.

തുക പിരിച്ചെടുത്തത് സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(Iii) തൊഴിൽ നികുതി സ്ഥാപനം - ഡിമാന്റ് - 0

| | |
|---|---|
| 2020-21 ലെ തൊഴിൽനികുതി അഡ്വാൻസ് | 2,39,750 |
| 2021-22 ലെ അഡ്വാൻസ് കളക്ഷൻ | 2,40,440 |
| ആകെ | 4,80,190 |
| 2021-22 ലെ B9 പ്രകാരം അഡ്വൻസ് കളക്ഷൻ ബാക്കി | 2,64,420 |
| ക്രമീകരിച്ച അഡ്വാൻസ് | 2,15,770 |

| | |
|---|---|
| തൻവർഷം പിരിച്ചടുത്തത്(9600+6150) | 15,750 |
| ആകെ വരവ് | 2,31,520 |
| കുടിശ്ശിക വേണ്ടത് (399910-231520) | 1,68,390 |

R&P 1 പ്രകാരം വരവ് - 6,150

R&P 45 പ്രകാരം വരവ് - 1,63,590

ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാനുള്ളത് - 0

തുക പിരിച്ചെടുത്തത് സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(B) വ്യവസായങ്ങൾക്കും വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ലൈസൻസ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ , വാർഷിക കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് കളക്ഷൻ 2020-21 വാർഷിക കണക്ക് പ്രകാരം - 2,16,710

തൻവർഷം 2021-22 ലെ കളക്ഷൻ (R&P) 45 പ്രകാരം - 1,04,750

ആകെ - 3,21,460

രജിസ്റ്റർ പ്രകാരം ആകെ വരവ് - 3,99,910

(C) കെട്ടിട നിർമ്മാണം(ക്രമവത്കരണം) രജിസ്റ്റർ - സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(D) കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിൽ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി , ഭരണ ചെലവുകൾ വരവ് ചെലവ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

10. വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ തൻവർഷം Secured Loan അക്കൗണ്ടിലെ വരവ് തുകയും മുൻവർഷത്തെ ബാലൻസ് എന്നിവ കൂട്ടിയാൽ തൻവർത്തെ ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല. ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. സെക്വേർഡ് ലോൺ -സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

12. സമർപ്പിച്ച വാർഷിക കണക്കുകൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് - ബി12 ഷെഡ്യൂളിലെ തുക 33,33,785 രൂപ. രജിസ്റ്റർ പ്രകാരം 34,61,931 രൂപ. 1,28,146 രൂപയുടെ വ്യത്യാസം കാണുന്നു. ILGMS (ഓൺലൈൻ) ബി12 ഷെഡ്യൂൾ പ്രകാരം 35,42,585 രൂപയുമാണ്. വ്യത്യസ്തമായ തുകകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

13. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

14. വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - വാർഷിക കണക്കുകൾ പ്രകാരമുള്ള വരവും, രജിസ്റ്റർ പ്രകാരമുള്ള വരവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം വരവ് 3,99,910 രൂപ. വാർഷിക കണക്ക് I-4 ഷെഡ്യൂൾ പ്രകാരം3,12,050 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

15.ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത ഫണ്ടുകളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

16.PDE (Past Data Entry) വിവരങ്ങൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17.ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്(ILGMS) ഉണ്ടെങ്കിലും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

18.ബി.11 ഷെഡ്യൂൾ പ്രകാരം Other Fixed Assets. 1,62,35,824 രൂപ മൂല്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബി.14 ഷെഡ്യൂൾ പ്രകാരം 5,90,780 രൂപ മൂല്യമുള്ള മെറ്റീരിയൽസ് ഉണ്ട്. അത്തരം ആസ്തികളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

19. വിവിധ വായ്പ വാങ്ങിയതിന്റെ ബാധ്യത കണ്ടെത്തുന്നതിന് സൂക്ഷിക്കേണ്ട വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31.03.2022ലെ സഹകരണ ബാങ്ക് വായ്പ തിരിച്ചടവ് ബാധ്യത വാർഷിക കണക്കുകൾ പ്രകാരം 50,30,000 രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 59,86,866 രൂപയാണ്.

20.കെട്ടിട വാടക കുടിശ്ശിക -

2020-21 വാർഷിക കണക്ക് പ്രകാരം പിരിച്ചെടുക്കാൻ ബാക്കി - 15,395

2021-22 വാർഷിക കണക്ക് പ്രകാരം പിരിച്ചെടുത്തത് - 15,395

2021-22 വാർഷിക കണക്ക് പ്രകാരം പിരിച്ചെടുക്കാൻ ബാക്കി - 15,395

വിശദീകരിക്കേണ്ടതാണ്.

21.വസ്തു നികുതി വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിലോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിന്, അസസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യത ഉറപ്പ് വരുത്തി അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ആയത് വരെയുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നവയുടെ വിവരങ്ങൾ അസസ്മെന്റ് രജിസ്റ്ററിലെയും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാണ് എന്നതിന് അംഗീകാരം വാങ്ങിയിട്ടില്ല. സാംഖ്യ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച അംഗീകാരം നേടാത്ത ഡാറ്റകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് ILGMS സോഫ്റ്റ്‌വെയറിലും ഡിമാന്റ് ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ അടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി കുടിശ്ശിക 2020-21 വാർഷിക കണക്കുകൾ പ്രകാരം -

ഗാർഹികം (94,048.00+21,898.00) - 1,15,946

2021-22 പിരിച്ചെടുത്തത് RP പ്രകാരം - 76,556

നീക്കിയിരിപ്പ് വേണ്ടത് - 39,390

വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് - 8,753

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടില്ല.

വസ്തു നികുതി കുടിശ്ശിക 2020-21 വാർഷിക കണക്കുകൾ പ്രകാരം -

ഗാർഹികേതരം -0

2021-22 പിരിച്ചെടുത്തത് RP പ്രകാരം - 41,027

നീക്കിയിരിപ്പ് വേണ്ടത് - 0

വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് - 25,479

2021-22 വാർഷിക കണക്ക് പ്രകാരം വസ്തു നികുതി വിവരങ്ങൾ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | യഥാർത്ഥത്തിൽ വേണ്ട നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗാർഹികം | 1260379 | 1119408 | 39469 | 140971 |
| ഗാർഹികേതരം | 2822236 | 2497577 | 235937 | 324659 |

മേൽ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 31.03.2022 തീയതിയിലാണ്. ഡിമാന്റ് ചെയ്യാതെ തന്നെ നികുതി ഈടാക്കാൻ സാധിക്കുന്നത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഗാർഹിക കെട്ടിടങ്ങളുടെ ഡിമാന്റ് 36,05,208 രൂപയാണ് തൻവർഷം ഡിമാന്റിൽ വലിയ തുകയുടെ വ്യത്യാസം കാണുന്നു.

22. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

23.ജേർണൽ വൗച്ചർ നമ്പർ 42100629 തീയതി 31.03.2022 പ്രകാരം 244645 രൂപ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ പ്രകാരം പിരിച്ചെടുത്തത് ഐ.എൽ.ജി.എം.എസ് മുഖേന രേഖപ്പെടുത്താതെന്ന നിലയിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

24.ബി.4, ബി17 ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

25. വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഉദാഹരണമായി ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക ശുചിത്വമിഷൻ ഫണ്ട് തുടങ്ങിയവ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ ഇനത്തിനും ലഭിക്കുന്ന തുക പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതാണ്.

26. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച വാർഷിക കണക്കിലെ രസീപ്റ്റ് & പേമെന്റ് പ്രകാരമുള്ള ആകെ വരവ്, ILGMS

സോഫ്റ്റ്‌വെയർ (ഓൺലൈൻ) പ്രകാരമുള്ള ആകെ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിശദ വിവരങ്ങൾ അടങ്ങിയ കുറിപ്പുകൾ വാർഷിക കണക്കുകളോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-12 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ - പരിമിതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഒരു സോഫ്റ്റ്‌വെയറിന് കീഴിൽ എല്ലാ സേവനങ്ങളും എത്തിക്കുന്നതിന് വേണ്ടിയാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ സേവനങ്ങൾക്ക് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളായ സാംഖ്യ, സഞ്ചയ, സങ്കേതം, സൂചിക, സേവന, സചിത്ര, സകർമ്മ, സുലേഖ, സ്ഥാപന തുടങ്ങി 17 സോഫ്റ്റ് വെയറുകൾ ഒരു പ്ലാറ്റ് ഫോമിലേക്ക് എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വെക്കുന്നത്. എന്നാൽ നിലവിൽ നടപ്പാക്കിയിരിക്കുന്നത് സൂചിക(എൽ.ബി) സേവന സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവ തന്നെ പൂർണ്ണമായും പ്രവർത്തനക്ഷമമായ നിലയിലെത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് മുമ്പ് വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ തന്നെ ആയവ ലക്ഷ്യം വെച്ചിട്ടുള്ള നിലയിലേക്ക് എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ഇവ മുഖേനയുള്ള സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലെത്തിക്കുന്നതിന് വേണ്ടി പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഉണ്ടാവേണ്ട ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

1.തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 06.09.21 ന് തുടങ്ങി. 06.09.21 വരെ സാംഖ്യയിൽ Reconciliation,web Sankhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല.

ഐ.കെ.എം. ടെക്നിക്കൽ എക്സ്പെർട്ട് ഇത്തരം നടപടികൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ജീവനക്കാർ ഇക്കാര്യം അറിയുന്നില്ല. ഇത് സംബന്ധിച്ച് ഒരു ഫയൽ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ സേവന, സാംഖ്യ, സൂചിക എന്നിവയിൽ നൽകി വന്നിരുന്ന സേവനങ്ങൾമാത്രമാണ് ഐ.എൽ.ജി.എം.എസ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്. ഐ.കെ.എം ന്റെ സഹായത്തോടെ മാത്രമാണ് ഇത്തരം അഡ്ജസ്റ്റ്മെന്റുകൾ ചെയ്യാൻ കഴിയുന്നുള്ളൂ. ഓട്ടോ ജനറേറ്റഡ് സോഫ്റ്റ് വെയറിനുണ്ടാകേണ്ട നിയന്ത്രണങ്ങൾ ഈ സോഫ്റ്റ്‌വെയറിനില്ല.

3.ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്. ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവു വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു.

4.ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നേരിട്ട് ലഭിക്കുന്നില്ല. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഐ.കെ.എം ന്റെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്ത് ദീർഘ നാളുകൾക്ക് ശേഷം ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടുകളിലേക്ക് ഐ.കെ.എം നൽകുന്നു. ഇത്തരത്തിൽ തുക ലഭിക്കാതെ തന്നെ വരവായി അക്കൗണ്ടുകളിൽ ലഭിച്ചതായി രേഖപ്പെടുത്തേണ്ടി വരുന്നു. ഈ ഇനത്തിൽ ലഭിക്കേണ്ട തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി, പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർക്കാത്തതിനാൽ ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

6.ട്രയൽ ബാലൻസ്, ജേർണൽ റിപ്പോർട്ട്, ക്യാഷ് ബുക്ക് സമ്മറി, ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് , ഫ്രണ്ട് ഓഫീസ് ഡയറി, ചിട്ട, ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്, ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി, നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,എന്നിവയൊന്നും ഐ.എൽ.ജി.എം.എസിൽ ഇല്ല.

7.Receipt Voucher, Payment Voucher,Contra Voucher,Journal Voucher എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല. കൂടാതെ ഒരു പേമെന്റ് വൗച്ചർ തയ്യാറാക്കി നൽകിയതിന് ശേഷം പേമെന്റ് നടത്താതിരുന്നാൽ പ്രസ്തുത തുക ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ “Directly Credited By Bank” കൂടാതെ വരവ് ഇനങ്ങൾ “Directly Debited By Bank” എന്നുമാണ് രേഖപ്പെടുത്തുന്നത്. ഇത് തെറ്റായ രീതിയാണ്. പേമെന്റ് വൗച്ചർ തയ്യാറാക്കിയതിന് ശേഷം പേമെന്റ്

നടത്താത്ത വൗച്ചറുകളുടെ ലിസ്റ്റ് നിലവിൽ ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നില്ല.

8.ഐ.എൽ.ജി.എം.എസിലെ പല റിപ്പോർട്ടുകളും കിട്ടുന്നില്ല.

ഉദാ:-പേഴ്സണൽ രജിസ്റ്റർ,

മെസ്സേജ് ബുക്ക്

സ്റ്റാറ്റസ് റിപ്പോർട്ട്

9.Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10.Email ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11.ഡേ ബുക്ക് റിപ്പോർട്സ്

മേൽ റിപ്പോർട്സ് എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ്‌വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

ബാങ്ക് ബുക്ക്

നിലവിൽ ബാങ്ക് റിപ്പോർട്ട് View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്ന പക്ഷം ഇവയുടെ പരിശോധന നടത്താൻ സാധിക്കും.

നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ILGMS സോഫ്റ്റ്‌വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

12.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യൂ രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല. ചെക്ക് ഇഷ്യൂ രജിസ്റ്ററുകളിൽ വൗച്ചറുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിലവിൽ അക്കൗണ്ടുകളിൽ ചെക്ക് നമ്പറുകൾ ചെക്കുകൾ നൽകുന്ന സമയത്ത് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്ന രീതിയാണുള്ളത്. ഇതിന് പകരം ചെക്ക് ബുക്കുകൾ ലഭിക്കുന്ന സമയത്ത് തന്നെ ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകൾ (രശീത് ബുക്കുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രീതിയിൽ ) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് മുഖേന ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ചെക്ക് നമ്പറുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നതാണ്.

13.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ റിക്കൺസിൽ ചെയ്യേണ്ടതും ആയതിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതുമാണ്. വാർഷിക കണക്കുകൾ സമർപ്പിച്ചതിന് ശേഷം തിരുത്തലുകൾ വരുത്തുന്ന രീതി നിയന്ത്രിക്കേണ്ടതുമാണ്.

14.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

15.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരിശോധിക്കാൻ സാധിക്കുന്നില്ല.

16.വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾക്കുള്ള ലൈസൻസ്

തദ്ദേശ സ്ഥാപന അധികാര പരിധിയിൽ വ്യവസായങ്ങളോ വാണിജ്യ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് വേണ്ടി ലൈസൻസിന് അപേക്ഷ നൽകിയവരുടെയും , ലൈസൻസ് നേടിവരുടെയും ,

മുൻകാലങ്ങളിൽ ലൈസൻസ് ലഭിച്ച് തൻവർഷം പുതുക്കിയവരുടെയും , മുൻവർഷങ്ങളിൽ ലൈസൻസ് ലഭിച്ചവരും എന്നാൽ തൻവർഷം പുതുക്കാത്തവരുമായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭിക്കാനുള്ള സൗകര്യം നിലവിലില്ല. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ലൈസൻസ് ഫീസ്, മറ്റ് അനുബന്ധ നികുതികളും ഫീസുകളും ഒടുക്കിയതിന്റെ റിപ്പോർട്ടുകളും ലഭിക്കുന്നില്ല. ഇവ പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നത് അല്ലെങ്കിൽ അംഗീകാരം നൽകുന്ന സംവിധാനം നിലവിലില്ല.

17.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

18.വസ്തു നികുതി (സഞ്ചയ സോഫ്റ്റ്‌വെയർ)

നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിലാണ് വസ്തു നികുതി ഡമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ILGMS സോഫ്റ്റ്‌വെയറിൽ വസ്തു നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി സംബന്ധമായ അംഗീകാരം ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വേണ്ട സംവിധാനങ്ങൾ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതിനാൽ തന്നെ ഇതിന്റെ പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

19.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ്‌വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ്‌വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ്‌വെയർ നിലവിൽ ILGMS സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ്‌വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ്‌വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണ അപേക്ഷ സ്വീകരിക്കുമ്പോൾ കെട്ടിട നിർമ്മാണ അനുമതി ഫീസ് ഈടാക്കുന്നതിന് ആയതിന്റെ ഡിമാന്റ് നമ്പർ ചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് നമ്പർ ചേർക്കാതെ തന്നെ ഫീസ് ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഈ സോഫ്റ്റ്‌വെയർ മുഖേന സാധിക്കുന്നു.

20. പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ്‌വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

21.സ്റ്റോക്ക് രജിസറ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്

വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും കാലികമാക്കുന്നതിനും മേൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിനും ആവശ്യമായ മൊഡ്യൂളുകൾ ഏർപ്പെടുത്തേണ്ടതാണ്.

22.ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യാക്കിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ഏതെങ്കിലും കാലാവധിക്കുള്ളിൽ പണമായി മാറാതിരുന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭിക്കുന്നില്ല. ഇത്തരം ചെക്കുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച സൗകര്യങ്ങളോ മൊഡ്യൂളുകളോ ഇല്ല. അത് പോലെ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ചെക്കുകളോ ഡ്രാഫ്റ്റുകളോ പണമായി മാറാൻ സാധിക്കാത്ത സ്ഥിതി വന്നാൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമല്ല. ഇതിൻമേൽ സ്വീകരിച്ചിട്ടുള്ള നിയമ നടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊഡ്യൂളുകൾ ഏർപ്പെടുത്തിയിട്ടില്ല.

23.അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഡിമാന്റ് ഇല്ലാതെ തന്നെ പണം സ്വീകരിക്കാൻ സാധിക്കുന്നു.

അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന നികുതി നികുതിയേതര വരുമാനങ്ങൾ വാർഷികാരംഭത്തിൽ തന്നെ ഡിമാന്റ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ സോഫ്റ്റ്‌വെയറിൽ ഡിമാന്റ് ഇല്ലാതെ തന്നെ തുക സ്വീകരിച്ച് വർഷാവസാനം ഡിമാന്റ് ജേർണൽ എൻട്രി മുഖേന ഡിമാന്റ് ചെയ്ത് വാർഷിക കണക്ക് തയ്യാറാക്കുന്നു.

ഉദാഹരണമായി - വസ്തു നികുതി 2021 ഏപ്രിൽ മാസം മുതൽ സ്വീകരിച്ചിരുന്നുവെങ്കിലും വസ്തു നികുതി ഡിമാന്റ് ചെയ്യുന്നത് 31/03/2022 ന് മാത്രമാണ്. ജേർണൽ നമ്പർ 42100622, 42100623 എന്നിവ വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയത് 31/03/2022ന് ആണ് എന്ന് വ്യക്തമാകുന്നു. കെട്ടിട വാടക തുടങ്ങിയവയും പ്രസ്തുത ദിവസമാണ് ഡിമാന്റിൽ വരുത്തിയിരിക്കുന്നത്.

ജേർണൽ നമ്പർ 42100629 തീയതി 31.03.2022 പ്രകാരം ILGMS ൽ ഉൾപ്പെടുത്താത്തതും ഔട്ട് ഡോർകളക്ഷൻ മുഖേന പിരിച്ചെടുത്തതുമായ കെട്ടിട വാടക തുക ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ നിന്നും ഏകദേശം തുല്യ തുകയായി ഗാർഹിക കെട്ടിടങ്ങളുടെ നികുതി 116497, ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി 116498 രൂപ എന്നിങ്ങനെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലാണ് നികുതി പിരിച്ചത് എന്ന് സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇത് സോഫ്റ്റ്‌വെയർ കൺട്രോൾ കൃത്യതയില്ലാത്തതിനെ സൂചിപ്പിക്കുന്നു.

മേൽ സാഹചര്യത്തിൽ നിന്നും വ്യക്തമാകുന്നത് ഏത് സമയത്തും യുക്താനുസരണം ക്രമീകരണങ്ങൾ വരുത്താവുന്ന നിലയിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ്.

24.മുൻവർത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് എന്നിവ തൻവർഷം ഡിമാന്റ് ചെയ്യുന്നതിന് ജേർണൽ എൻട്രി രേഖപ്പെടുത്തേണ്ടി വരുന്നു.

മുൻവർഷത്തെ നീക്കി ബാക്കി, അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ്, ബാധ്യത തുടങ്ങിയവ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡിമാന്റ്, ബാധ്യത, നീക്കി ബാക്കി ഇനത്തിൽ ഓട്ടോ ജനറേറ്റഡ് ആയി വരേണ്ടത് ഒരു സോഫ്റ്റ്‌വെയറിന്റെ കൃത്യതക്ക് അനിവാര്യമാണ്. ഈ സോഫ്റ്റ്‌വെയറിൽ മേൽ പറഞ്ഞവ ഉദ്യോഗസ്ഥരോ, ഐ.കെ.എം ജീവനക്കാരോ നേരിട്ട് ജേർണൽ എൻട്രി വഴി തൻവർഷത്തെ കണക്കിൽ ഉൾപ്പെടുത്തുന്നു. ഇത് കൃത്യമല്ലാത്ത കണക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടക്കുന്നു.

മേൽ വിഷയങ്ങൾ അറിവിലേക്കായും വിശദമായ മറുപടി ലഭ്യമാക്കുന്നതിനുമായി ശ്രദ്ധയിൽപെടുത്തുന്നു.

## 1-13 ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിലെ പൊതു അപാകതകൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ , അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ (ചട്ടം 16) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതി ഈടാക്കിയതിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

## 1-13-1 ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

A) പഞ്ചായത്ത് പരിധിയിലുള്ള താഴെപറയുന്ന ക്ഷീരോൽപാദക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)കെ.എസ്.എസ് മക്കിയാട്

2) കെ.എസ്.എസ് നീലോം

B) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.

| സി.നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്റ്റാർ ഇലക്ട്രോണിക്സ് കോറോം |
| 2 | മാവേലി സ്റ്റോർ തൊണ്ടർനാട് |
| 3 | എം.ആർ ഫ്രഷ് മിനി മാർട്ട് കോറോം |
| 4 | ബി.പി.ഓ വാഞ്ഞോട് |
| 5 | മെഡിക്കൽ ഓഫീസർ (എൻ.എച്ച്.എം കോറോം) |
| 6 | ദോഹ പാലസ് (ആയുർവേദം) കോറോം |
| 7 | കോറോം ഹില്ല് റിസോർട്ട് |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13-2 ഗ്രാമപഞ്ചായത്ത് പരിധിയൽ ലൈസൻസ് നേടി പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് നേടി പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ലൈസൻസിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമനമ്പർ | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ വിവരങ്ങളും | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|---|---|
| 1 | 53/21-22 | 5/390 സി.ഡി.ഇ .എഫ്.എച്ച്. ഐ.ജെ | Serene Valley Resort (റിസോർട്ട്) | അർഷാമണി ആറുവൈത്തില് ആവണി വീട് തരുവണ പി.ഓ | 3 |
| 2 | 112/21-22 | 12/541, 542,543 | കിസ്‌വ വെഡ്ഡിങ്ങ് കളക്ഷൻ (ടെക്സ്റ്റൈൽസ് സ്ഥാപനം) | ദാവൂദ് മീത്തലക്കുന്ന് വീട് കോറോം | 3 |
| 3 | 99/21-22 | 12/517 | പഴഞ്ചേരി ട്രേഡേഴ്സ് (ഹാർഡ്‌വെയർ ഷോപ്പ്) | അബ്ദുള്ള പഴഞ്ചേരി വീട് തൊണ്ടർനാട് പി.ഓ | 2 |
| 4 | 103/21-22 | 12/165എ,ജി | ഗ്രാൻഡ് ഹാർഡ് വെയേഴ്സ് | സമീർ കുറുവമ്പത്ത് | 2 |

| | | | | | |
|---|---|---|---|---|---|
| | | | | വീട് തൊണ്ടർനാട് പി.ഓ | |
| 5 | 122/21-22 | 12/559ഇ | ഡീലക്സ് ഹോട്ടൽ (ഹോട്ടൽ) | അബ്ദുള്ള ഡീലക്സ് ഹോട്ടൽ തൊണ്ടർനാട് പി.ഓ | 4 |
| 6 | 197/21-22 | 12/246എ | യു.വി ബാബു രാജ് (ഹോളോബ്രിക്സ് യൂണിറ്റ്) | അമൃത ഹൗസ് പോരാമ്പ്ര പി.ഓ ഹോളോബ്രിക്സ് നിർമാണ യൂണിറ്റ് | 2 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-13-3 ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല .

| സി.നം | പേര് | വിലാസം | ഒന്നാം അർദ്ധവർഷം ഈടാക്കാമായിരുന്ന പരമാവധി തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷം ഈടാക്കാമായിരുന്ന പരമാവധി തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ജിജു മാത്യു | ചെറിയകുന്നേൽ വീട്,കുഞ്ഞോം പി.ഓ,തൊണ്ടർനാട് | 1250 | 1250 |
| 2 | ബോബി എൻ എബ്രഹാം | നെടുംപുറത്ത് വീട്,മക്കിയാട് പി.ഓ,തൊണ്ടർനാട് പി.ഓ | 1250 | 1250 |
| 3 | അബ്ദുള്ള എ | അമ്പിളിയേരി വീട്,കുഞ്ഞോം പി.ഓ,തൊണ്ടർനാട് പി.ഓ | 1250 | 1250 |
| 4 | അബ്ദുള്ള കെ | കോളോത്ത് വീട്,തെറ്റമല പി.ഓ,തൊണ്ടർനാട് | 1250 | 1250 |
| 5 | റാഷിദ് എ | അത്തിലൻ വീട്,തൊണ്ടർനാട് പി.ഓ | 1250 | 1250 |
| 6 | മുഹമ്മദ് റാഫി എ | അത്തിലൻ വീട്,തൊണ്ടർനാട് പി.ഓ | 1250 | 1250 |

| | | | | |
|---|---|---|---|---|
| 7 | ടി.ജെ ജോസഫ് | താഴെപ്പള്ളിൽ വീട്,പുതുശ്ശേരി പി.ഓ | 1250 | 1250 |
| 8 | ജിയോ ജോസഫ് | താഴെപ്പിള്ളിൽ വീട്,പുതുശ്ശേരി പി.ഓ | 1250 | 1250 |
| 9 | സ്റ്റീഫൻ പി.എം | പെരുമ്പിൽ വീട്,പുതുശ്ശേരി പി.ഓ | 1250 | 1250 |
| 10 | സജി പി.എ | പുള്ളോലിക്കൽ കുഞ്ഞോം പി.ഓ | 1250 | 1250 |
| 11 | ഗഫൂർ പി | പൊന്നാടി വീട്,തൊണ്ടർനാട് | 1250 | 1250 |
| 12 | നജീബ് വി | വാഴയിൽ വീട്,മക്കിയാട് | 1250 | 1250 |
| 13 | ബൈജു ടി.കെ | തൊട്ടുങ്ങൾ വീട്,മക്കിയാട് പി.ഓ | 1250 | 1250 |
| 14 | കുര്യൻ എ.കെ | ആലയ്ക്കൽ,പുതുശ്ശേരി പി.ഓ | 1250 | 1250 |
| 15 | അയൂബ് കെ .എ | അത്തിലൻ വീട്,തൊണ്ടർനാട് പി.ഓ | 1250 | 1250 |
| 16 | തൊണ്ടർനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | | 1250 | 1250 |
| 17 | റഹീസ് എ | അത്തിലൻ വീട്,തൊണ്ടർനാട് പി.ഓ | 1250 | 1250 |
| ആകെ | | | 21250 | 21250 |
| ആകെ നികുതി | | | 42500 | |

മേൽ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിരുന്നെങ്കിൽ 42500 രൂപ അധികവരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്നു. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതേ പരാമർശം ഉണ്ടായിട്ടും കരാറുകാരിൽ നിന്ന് തൊഴിൽ നികുതി സ്വീകരിക്കാത്തത് ഗൗരവപരമായി കാണുന്നു. മേൽ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതും, അല്ലാത്ത പക്ഷം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 ഗ്രാമപഞ്ചയാത്ത് പരിധിയിലെ കോറോം ഹില്ല് റിസോർട്ടിന്റെ ക്രമവൽക്കരണം,നികുതി നിർണ്ണയം എന്നിവയിലെ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ റിസോർട്ടുകൾക്ക് ഈടാക്കി വരുന്ന കെട്ടിട നികുതി നിരക്ക് 90രൂപ/ച.മീ ആണ്. വാർഡ് 13ൽ സ്ഥിതി ചെയ്യുന്ന കോറോം ഹില്ല് റിസോർട്ട് എന്ന സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷം 13/472D മുതൽ 13/472L വരേയുള്ള നമ്പറുകൾ നൽകി നികുതി ഈടാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കോറോം ഹില്ല് റിസോർട്ടിന്റെ നികുതി നിർണയിച്ചത് സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ നിന്നും, ഭൗതിക പരിശോധന നടത്തിയതിൽ നിന്നും കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

A) റിസോർട്ടിന്റെ 13/472 D മുതൽ 13/472 L വരേയുള്ള മുറികൾ സ്ഥിതി ചെയ്യുന്ന രണ്ട് നിലകൾക്ക് മുകളിലായി 152.04 (18.1*8.4) ച.മീ വിസ്തീർണം വരുന്ന സ്ഥലം ടൈൽ പാകി ഷീറ്റ് കൊണ്ടുള്ള അധിക മേല്ക്കൂര നൽകിയിട്ടുണ്ട്. മേൽ സ്ഥലത്ത് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുകയും, വിനോദാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.മേൽ ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ, നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ റൂൾ 74(6) പ്രകാരം മൂന്ന് നിലകൾ വരേയുള്ളതും 10 മീറ്ററിൽ കൂടുതൽ ഉയരമില്ലാത്തതുമായ ഏക കുടുംബവാസഗൃഹത്തിനല്ലാതെ മറ്റെല്ലാ ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ ടെറസിലുള്ള അധിക ഷീറ്റ്/ഓട് നിർമ്മാണം മറ്റൊരു നിലയായി പരിഗണിക്കേണ്ടതും ഈ ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നിർബന്ധിത ആവശ്യങ്ങളും കണക്കാക്കുന്നതിന് ഉൾപ്പെടുത്തേണ്ടതുമാണ്. മേൽ കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ നിന്നും മേൽ നിർമ്മാണം ആദ്യം സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാനിൽ ഉൾപ്പെടുത്താതിരിക്കുകയും.പിന്നീട് മേൽ ഭാഗം കൂടി ഉൾപ്പെടുത്തി പ്ലാൻ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. മേൽ നിർമ്മാണം പൊളിച്ച് നീക്കാമെന്ന് കെട്ടിട ഉടമ സത്യവാങ്മൂലം സമർപ്പിച്ചത് പ്രകാരം ആദ്യ രണ്ട് നിലകൾ മാത്രം ക്രമവൽക്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ സ്ഥലത്ത് നടത്തിയ പരിശോധനയിൽ ഓഡിറ്റ് കാലയളവിലും മേൽ ഭാഗം പൊളിച്ച് നീക്കാതെ മുകളിൽ സൂചിപ്പിച്ച രീതിയിൽ ഉപയോഗിക്കുന്നതായി വ്യക്തമായിട്ടുണ്ട്. മുകൾ നിലയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരമുള്ള നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

| നികുതി നിർണ്ണയിക്കാത്ത ഭാഗത്തിന്റെ വിസ്തീർണം | അടിസ്ഥാന നികുതി (90/ച.മീ) | അടിസ്ഥാന നികുതി-യിലുള്ള ഇളവ് (മേഖല ദ്വിതീയം-10%) | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് | ആകെ നികുതി | ലൈബ്രറി സെസ്സ് (5%) | ആകെ നികുതി (ലൈബ്രറി സെസ്സ് അടക്കം) |
|---|---|---|---|---|---|---|
| 152.04 | 152.04*90 =13684രൂപ | 137 | ഇല്ല | 13547 | 677 | 14224 |

കെട്ടിടത്തിന്റെ മുകൾ ഭാഗം ക്രമവൽക്കരിക്കാത്തതിനാൽ താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ട്

| ക്രമവൽക്കണത്തിന് പരിഗണിക്കാത്ത കെട്ടിട ഭാഗത്തിന്റെ വിസ്തീർണം | റിസോർട്ടുകൾക്ക് ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് | മേൽ ഭാഗം ക്രമവൽക്കരിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ ധനനഷ്ടം |
|---|---|---|
| 152.04 | 20രൂപ | 3041 |

B) റിസോർട്ടിന് സമീപത്തായി 10.2 മീറ്റർ നീളത്തിലും 5.2 മീറ്റർ വീതിയുമുള്ള 53.04 ച.മീ വിസ്തീർണം വരുന്ന നീന്തൽക്കുളം (പ്ലാൻ പ്രകാരം) നിർമിച്ചിട്ടുണ്ട്.നീന്തൽക്കുളം ചരിവ് കൂടിയ പ്രദേശത്തിന്റെ മുകൾ ഭാഗത്തായതിനാൽ നീന്തൽക്കുളത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് അസി.എഞ്ചിനീയർ ആവശ്യപ്പെട്ടത് പ്രകാരം കെട്ടിട ഉടമ മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. മേൽ സർട്ടിഫിക്കറ്റിന്റെയും. നീന്തൽക്കുളം കാലവർഷത്തിൽ ജലം കെട്ടി നിർത്തി ഉപയോഗിക്കില്ലെന്ന് കെട്ടിട ഉടമ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ കെട്ടിടം ക്രമവൽക്കരിക്കുകയാണ് ചെയ്തിട്ടുള്ളത് . എന്നാൽ ക്രമവൽക്കരണം നടത്തിയപ്പോൾ നീന്തൽക്കുളത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/2021-22 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| നികുതി നിർണയിക്കാത്ത ഭാഗത്തിന്റെ വിസ്തീർണം | അടിസ്ഥാന നികുതി (90/ച.മീ) | അടിസ്ഥാന നികുതി-യിലുള്ള ഇളവ് (മേഖല ദ്വിതീയം -10%) | അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് | ആകെ നികുതി | ലൈബ്രറി സെസ്സ് (5%) | ആകെ നികുതി (ലൈബ്രറി സെസ്സ് അടക്കം) |
|---|---|---|---|---|---|---|
| 53.04 | 53.04*90 =4774രൂപ | 477 | ഇല്ല | 4297 | 215 | 4512 |

നീന്തൽക്കുളത്തിന്റെ വിസ്തീർണം കെട്ടിട നിർമ്മാണ ചട്ടപ്രകാരം ക്രമവൽക്കരിക്കാത്തതിനാൽ താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് ധനനഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമവൽക്കണത്തിന് | റിസോർട്ടുകൾക്ക് | മേൽ ഭാഗം ക്രമവൽക്കരിക്കാത്തതിനാൽ |
|---|---|---|

| പരിഗണിക്കാത്ത കെട്ടിട ഭാഗത്തിന്റെ വിസ്തീർണം | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് | ഗ്രാമപഞ്ചായത്തിനുണ്ടായ ധനനഷ്ടം (രൂപ) |
|---|---|---|
| 53.04 | 20രൂപ | 1061 രൂപ |

ഇപ്രകാരം സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ നിർമാണങ്ങളെയും കണക്കിലെടുക്കാതെ കെട്ടിടം ക്രമവൽക്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനാവശ്യപ്പെട്ട് നൽകിയ 10/2021-22 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിട ഭാഗങ്ങൾ ക്രമവൽക്കരിക്കാവുന്നതാണെങ്കിൽ നിയമപ്രകാരം ക്രമവൽക്കരണ ഫീസ് ഈടാക്കി നികുതി നിർണയിക്കേണ്ടതും കെട്ടിടം ക്രമവൽക്കരിക്കുന്നത് വരേ കേരള പഞ്ചായത്ത് രാജ് 235 എഎ(1) വകുപ്പ് പ്രകാരം അനധികൃത കെട്ടിട ഭാഗത്തിന് ചട്ടപ്രകാരം ഈടാക്കാമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ഈടാക്കേണ്ടതാണ്. കെട്ടിടം ക്രമവൽക്കരിക്കാൻ സാധിക്കാത്ത പക്ഷം അനധികൃത ഭാഗം പൊളിച്ച് നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മേൽ കെട്ടിട ഭാഗം പൊളിച്ച് നീക്കുന്നത് വരേ അനധികൃത കെട്ടിട ഭാഗത്തിന് ചട്ടപ്രകാരം ഈടാക്കാമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ഈടാക്കേണ്ടതാണ്.

## 1-15 രശീത് ബുക്ക് മുഖേനയുള്ള വെറ്ററിനറി സർജന്റെ പണപിരിവിലെ ന്യൂനതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചയാത്തിൽ നിന്നും വെറ്ററിനറി സർജന് പ്രോജക്ട് നിർവ്വഹണത്തിനാവശ്യമായ പണ പിരിവ് നടത്തുന്നതിനായി 4762,21811,21812,21820 എന്നീ രസീത് ബുക്കുകൾ നൽകിയിരുന്നു. മേൽ രസീത് ബുക്കുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപറയുന്നു. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 21/10/2021ാം തീയതിയിലെ 10/2021-22 നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിലഭ്യമാക്കിയിട്ടില്ല

## 1-15-1 രസീത് ബുക്ക് മുഖേന പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവ് വരുത്തിയിട്ടില്ല

വെറ്ററിനറി സർജൻ ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 4762 ലെ താഴെ പറയുന്ന രസീതുകളിൽ ഉപയോഗിച്ച് പിരിച്ച തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പഞ്ചായത്തിൽ അടവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| സി.നം | രസീത് നമ്പർ | പണം അടവ് വരുത്തിയ വ്യക്തിയുടെ പേര് | തീയതി | തുക |
|---|---|---|---|---|
| 1 | 4762/1 | Neetar Lab Westhill | 14/07/2021 | 565 |
| 2 | 4762/2 | മലബാർ ഡ്രഗ് ലൈൻസ് | 14/07/2021 | 565 |
| 3 | 4762/3 | രസീത് ക്യാൻസൽ ചെയ്തു | | |
| 4 | 4762/4 | Neetar Lab Westhill | 14/07/2021 | 4600 |
| 5 | 4762/5 | കെയർ വെൽ ഫാർമ | 14/07/2021 | 565 |
| 6 | 4762/6 | കെയർ വെൽ ഫാർമ | 14/07/2021 | 565 |
| 7 | 4762/7 | ഇവന്റ്സ് കോർപ്പറേഷൻ | 14/07/2021 | 565 |
| ആകെ | | | | 7,425 |

മേൽ തുക വെറ്ററിനറി സർജനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവ് വരുത്തി വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-15-2 തിരുത്തലുകൾ വരുത്തിയ രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല

രസീത് ബുക്ക് നമ്പർ 21812 ലെ രസീത് നമ്പർ 20 മുതൽ 26 വരേയുള്ള രസീതുകളിലെല്ലാം 2650 എന്ന തുക 2632 രൂപയാക്കി തിരുത്തൽ വരുത്തിയിട്ടുണ്ട്. തിരുത്തലുകൾ വരുത്തിയ രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം തിരുത്തലുകൾ വരുത്തിയ രസീത് ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.ചട്ടവിരുദ്ധമായി തിരുത്തൽ വരുത്തിയ രസീത് ക്യാൻസൽ ചെയ്യാതെ ഗുണഭോക്താക്കൾക്ക് നൽകുകയോ, ഗുണഭോക്താക്കൾക്ക് രസീത് നൽകിയ ശേഷം പഞ്ചായത്തിൽ സൂക്ഷിച്ച രസീതിന്റെ പകർപ്പിൽ മാത്രം തിരുത്തൽ വരുത്തുകയോ ചെയ്തിട്ടുണ്ട്. തിരുത്തൽ വരുത്തിയ രസീത് ക്യാൻസൽ ചെയ്ത് സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിലെ അപാകതകൾ

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചില കെട്ടിടങ്ങൾക്ക് നികുതിയിളവുകൾക്കൊന്നും തന്നെ അർഹതയില്ലാതിരുന്നിട്ടും സഞ്ചയസോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച നികുതി പൂജ്യമാണ്. മേൽ കെട്ടിങ്ങളുടെ A.R.V പ്രകാരമുള്ള നികുതി പൂജ്യമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിനാൽ നിലവിലും നികുതി പൂജ്യമായി തന്നെ തുടരുകയാണ്. നാളിതുവരേ കെട്ടിട ഉടമകളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| സി.നം | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2/81 | ആയിഷ പെരുംനിലത്ത് | പാർപ്പിടാവശ്യം | 62 | |
| 2 | 4/215 | മേരിക്കുട്ടി അറയാനിക്കൽ | പാർപ്പിടാവശ്യം | 64 | 2014-15,2015-16 വർഷങ്ങളിലായി 250 രൂപ അടവാക്കിയിട്ടുണ്ട്. |
| 3 | 4/241 | സാജൻ ഇരുമല | പാർപ്പിടാവശ്യം | 102 | 2014-15 സാമ്പത്തിക വർഷം 17 രൂപ അടവാക്കിയിട്ടുണ്ട് |
| 4 | 4/336 | എരി അഷ്റഫ് | പാർപ്പിടാവശ്യം | 61 | 2013-14,2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി 514 രൂപ അടവാക്കിയിട്ടുണ്ട് |
| 5 | 5/135K | രാമൻ ചോലയിൽ | പാർപ്പിടാവശ്യം | 64 | |
| 6 | 6/144 | ബാലകൃഷ്ണൻ വെട്ടിയേടത്ത് പറമ്പിൽ | പാർപ്പിടാവശ്യം | 80 | 2013-14 മുതൽ 2017-18 വരെ 2100 രൂപ അടവാക്കിയിട്ടുണ്ട്. |
| 7 | 6/191 | മായി | പാർപ്പിടാവശ്യം | 90 | |

| | | | | | |
|---|---|---|---|---|---|
| | | പള്ളിവാതുക്കൽ | | | |
| 8 | 6/223 | സിസ്റ്റർ സുപ്പീരിയർ എഫ്.സി.സി പ്രൊവിൻഷ്യൽ | പാർപ്പിടാവശ്യം | 382 | 2013-14 മുതൽ 2017-18 വരെ 7020 രൂപ അടവാക്കിയിട്ടുണ്ട് |
| 9 | 6/358 | ചന്തു ചെമ്മഞ്ചേരി | പാർപ്പിടാവശ്യം | 74 | 2013-14 മുതൽ 2015-16 വരെ 702 രൂപ അടവാക്കിയിട്ടുണ്ട് |
| 10 | 6/426 | കെ.ജെ ജോസഫ് കെട്ടുപുരയ്ക്കൽ | പാർപ്പിടാവശ്യം | 139 | 2013-14 മുതൽ 2014-15 വരെ 1168 രൂപ അടവാക്കിയിട്ടുണ്ട് |
| 11 | 6/436 | പൈലി വട്ടക്കണ്ടത്തിൽ | പാർപ്പിടാവശ്യം | 127 | 2013-14, 2014-15 വർഷങ്ങളിലായി 936 രൂപ അടവാക്കിയിട്ടുണ്ട് |
| 12 | 6/505 | മറിയം കളത്തിങ്കൽ | പാർപ്പിടാവശ്യം | 76 | |
| 13 | 6/533 | ജോയി ജോസഫ് കലയക്കുന്നേൽ | പാർപ്പിടാവശ്യം | 61 | |
| 14 | 10/374 | മുരമകൻ മേച്ചേരി മല | പാർപ്പിടാവശ്യം | 63 | |
| 15 | 13/1/UA | റഫീഖ് ആന്റ് ഹഫ്സത്ത് | പാർപ്പിടാവശ്യം | 29 | അനധികൃത കെട്ടിടം<br>2015-16 സാമ്പത്തിക വർഷം 190 രൂപ അടവാക്കിയിട്ടുണ്ട് |

മുകളിൽ പറയുന്ന കെട്ടിടങ്ങളുടെ A.R.V പ്രകാരമുള്ള നികുതി വ്യക്തമാക്കുന്നതിനും ഉടമകളിൽ നിന്ന് നികുതി പൂർണമായും ഈടാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ 18/10/2022 തീയതിയിലെ 4/2021-22 ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സീരീയൽ നമ്പർ 1,5,6,7,8,9,10,11,12 എന്നീ കെട്ടിടങ്ങളുടെ നികുതി ഫീൽഡ് അന്വേഷണം നടത്തി പുനർ നിർണയിച്ച് ഈടാക്കുന്നതാണെന്നും. സീരിയൽ നമ്പർ 2,14 എന്നിവ ഫീൽഡ് അന്വേഷണം നടത്തിയപ്പോൾ 660 സ്വകയർ ഫീറ്റിൽ താഴെ മാത്രമെ കെട്ടിടത്തിന് യഥാർത്ഥത്തിൽ വിസ്തീർണമുള്ളുവെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ,സീരിയൽ നമ്പർ 3 വിമുക്തഭടന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമാണെന്നും സീരിയൽ നമ്പർ 4,13 എന്നിവയ്ക്ക് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 660 സ്വകയർ ഫീറ്റിൽ താഴെ മാത്രം വിസ്തീർണമുള്ളതുകൊണ്ടാണ് നികുതി ഈടാക്കാതിരുന്നതെന്നും, അറിയിച്ചിട്ടുണ്ട്. 16/12/2015ാം തീയതിയിലെ സ.ഉ(എം.എസ്)നം 358/2015/ത.സ്വഭ.വ ഉത്തരവ് ഖണ്ഡിക 3 പ്രകാരം 660 സ്വകയർ ഫീറ്റിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിന് കെട്ടിടഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്.അപ്രകാരമുള്ള സത്യവാങ്മൂലത്തിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തതായി കാണാത്തതിനാൽ സീരിയൽ നമ്പർ 2,4,13,14 നമ്പർ കെട്ടിടങ്ങൾക്ക് നികുതിയിളവ് സത്യവാങ്മൂലം ഹാജരാക്കുന്നത് വരേ നൽകാനാവില്ല. സീരിയൽ നമ്പർ 3 -ായി നൽകിയിട്ടുള്ള സാജൻ ഇരുമല എന്നിവരുടെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് വിമുക്ത ഭടൻമാരുടെ കെട്ടിടത്തിന്റെ നികുതിയിളവ് നൽകുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.കൂടാതെ മേൽ മറുപടിയിൽ സീരിയൽ നമ്പർ 15ാമതായി ചേർത്തിട്ടുള്ള 13/1/UA റഫീഖ് ആന്റ് ഹഫ്സത്ത് എന്നിവരുടെ കെട്ടിടം നിയമാനുസൃത കെട്ടിടമാണെന്നറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടമായി നമ്പർ നൽകിയ മേൽ കെട്ടിടം നിയമാനുസൃതമാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട് ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ

കെട്ടിടങ്ങളും പരിശോധിച്ച് ഘടനപരമായ മാറ്റം വരുത്തിയിട്ടുള്ളതും കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ എജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം , പദ്ധതി പൂർത്തീകരണം തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല

1. നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി പ്രോജക്ട് നം.- 380/22

പ്രോജക്ടിന്റെ പേര് - പൊതു കിണർ നിർമ്മാണം (നെല്ലേരിമന്ദം കോളനി)

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 200000

ബിൽ നമ്പർ - തീയതി - ലഭ്യമല്ല. തുക 98705 (പദ്ധതി ചെലവ് പത്രിക

പ്രകാരം)

2. പ്രോജക്ട് നം.- 378/22

പ്രോജക്ടിന്റെ പേര് - പെരിഞ്ചേർമല കുടിവെള്ള പദ്ധതി

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 170000

ബിൽ നമ്പർ - തീയതി - ലഭ്യമല്ല. തുക 86050 രൂപ (പദ്ധതി ചെലവ് പത്രിക

പ്രകാരം)

3. പ്രോജക്ട് നം.- 379/22

പ്രോജക്ടിന്റെ പേര് - കരിവാളം കോളനി കിണർ

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 165000

ബിൽ നമ്പർ 54/2021-22 തീയതി -27.03.2022 തുക – 84057 രൂപ

ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ മേൽ പ്രകാരം തുക ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. പ്രോജക്ട് നം.- 380/22, പ്രോജക്ട് നം.- 378/22 എന്നിവയുടെ ചെലവ് സംബന്ധിച്ച ബിൽ/ചെക്ക് നം , തീയതി തുടങ്ങിയ രേഖകൾ ഫയലിൽ ഇല്ല. പദ്ധതി പൂർത്തീകരണം , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദമായ മറുപടി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 14തീയതി 25/10/2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ക്യാഷ്ബുക്ക് തയ്യാറാക്കിയിട്ടില്ല. ILGMS ക്യാഷ്ബുക്ക് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്.

## 1-18 വെറ്ററിനറി സർജന്റെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജന്റെ രജിസ്റ്ററുകളലെയും രേഖകളിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥൻ ക്യാഷ് ബുക്കിൽ വരവ് ഭാഗത്തും,ചെലവ് ഭാഗത്തും തുകകൾ ചേർക്കുന്നുണ്ടെങ്കിലും, ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. ഈ തുകകൾ എന്തിനുവേണ്ടി പിൻവലിച്ചുവെന്നോ, ആർക്ക് നൽകിയെന്നോ രേഖപ്പെടുത്തുന്നില്ല.

2. രസീതുനൽകി പിരിക്കുന്ന ഗുണഭോക്തൃ വിഹിതത്തിന്റെ വരവ്,ഒടുക്ക വിവരങ്ങൾ ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല.

3. 2021-22 ൽ 33 ബില്ലുകൾ പ്രകാരം തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും എല്ലാ തുകകളുടെയും വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഓരോ പദ്ധതികൾ പ്രകാരവും,ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്നതിന്റെ വിവരങ്ങളും ഫയലിൽ സൂക്ഷിക്കുന്നില്ല.

5. ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തീയതി രേഖപ്പെടുത്തുന്നില്ല.

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 13/2021-22/ 25-10-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല

ചരക്ക് സേവന നികുതി ഉൾപ്പെടെ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകിയതായി കാണുന്നു. ഇത്തരത്തിൽ ചരക്ക് സേവന നികുതി കരാറുകാരന് അനുവദിച്ച പദ്ധതികൾ താഴെ ചേർക്കുന്നു

പ്രോജക്റ്റ് നമ്പർ - 166/22,183/22 ,186/22, 191/22, 269/22, 104/22, 210/22, 207/22, 202/22, 203/22, 214/22, 359/22, 231/22, 237/22, 234/22, 311/22, 319/22, 320/22, 282/22, 29/22, 290/22, 289/22, 243/22, 28/22, 233/22, 270/22, 34/22, 314/22, 201/22, 228/22, 302/22, 366/22, 249/22, 163/22, 199/22, 208/22, 122/22, 357/22, 365/22, 267/22, 209/22, 164/22, 268/22, 156/22, 198/22, 272/22, 21/22, 121/22, 128/22, 147/22, 154/22, 315/22, 206/22, 212/22

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മേൽ പരാമർശിച്ചിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിൽ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി , കരാറുകാരന് നൽകിയപ്പോൾ, 12 ശതമാനം ചരക്ക് സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/21-22/ 20-10-2022 ന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതം ഒടുക്കേണ്ട നികുതികൾ സർക്കാറിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. കരാറുകാർ അധിക നികുതിയടച്ചാൽ കരാറുകാർക്ക് തുക തിരിച്ചുകിട്ടാൻ വ്യവസ്ഥയുണ്ടായിട്ടും നികുതി പിടിക്കാതിരുന്നത് ശരിയായ നടപടിയല്ല. അതിനാൽ മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികളും പരിശോധിച്ച് , 12 ശതമാനം ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ , തുക ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും, തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാറുകാർക്ക് നൽകിയ 12 ശതമാനം ചരക്ക് സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം- 5,98,566 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

15 ലക്ഷം രൂപ വകയിരുത്തിയ വെങ്ങലോട് കോളനി കുടിവെള്ളപദ്ധതി 26-11-2018 ൽ ടെണ്ടർ ചെയ്തപ്പോൾ ശ്രീ എം പി സണ്ണി എന്ന കരാറുകാരൻ 13,45,224.28 രൂപയ്ക്ക് കരാർ ഏറ്റെടുത്ത് 4-1-2019 ൽ AE/TND/80/2018-19 നമ്പർ പ്രകാരം കരാർ ഒപ്പിടുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം 31-3-2019 ആയിരുന്നു. എം ബുക്ക് നമ്പർ 90 പ്രകാരം 8-1-2019 ൽ പണി ആരംഭിച്ച് 28-1-2019 ൽ 3,45,931 രൂപയുടെ പാർട്ട് ബില്ല് അനുവദിക്കുകയും ചെയ്തു. ഇതിന് ശേഷം 1-2-2021 ൽ പ്രവൃത്തി പുനരാരംഭിച്ച് 22-3-2021 ൽ മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കി അളവ് രേഖപ്പെടുത്തിയിരിക്കുന്നത് . പണിപൂർത്തിയാക്കാൻ ഇത്രയും കാലതാമസമെടുത്തതിന്റെ കാരണമെന്തെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 28-1-2019 ൽ 3,45,931 രൂപയുടെ പാർട്ട് ബില്ല് നൽകിയതിന് ശേഷം പ്രവൃത്തി പൂർത്തിയാക്കാൻ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളുള്ളതായി കരാറുകാരൻ രേഖാമൂലം കത്ത് നൽകുകയോ ,ഭരണസമിതി പൂർത്തീകരണസമയം നീട്ടി നൽകിയതായോ കാണുന്നില്ല. അവസാന ബിൽതുക 5,98,566 രൂപ (ചെക്ക് നമ്പർ 083627/തീയതി 30.03.2021, കൈമാറിയിരിക്കുന്നത് 2021-22 ൽ ആണ്)നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പ്രവൃത്തി പൂർത്തീകരണകാലതാമസത്തിനുള്ള പിഴയോ പൊതുമരാമത്ത് മാന്വലിലെ 2116.1 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് തുകയോ ഈടാക്കിയതായും കാണുന്നില്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8/*2021-22/* 20-10-2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ അവസാന ബിൽ തുകയായി നൽകിയ 5,98,566 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ നിയമാനുസൃതമുള്ള പിഴയോ ലിക്വഡേറ്റഡ് ഡാമേജ് തുകയോ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകൽ പദ്ധതി-എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

പ്രോജക്റ്റ് നം-9/22

പ്രോജക്റ്റിന്റെ പേര്: ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ്

അടങ്കൽ-12,50,000 രൂപ

ചെലവ്:12,50,000 രൂപ

ബില്ല് നമ്പർ - 1/21-22 / 15/03/2022 – 4,94,194 രൂപ

ബില്ല് നമ്പർ - 2/21-22 / 15/03/2022 – 1,85,809 രൂപ

ബില്ല് നമ്പർ - 3/21/22 / 15/03/2022 – 2,29,434 രൂപ

ബില്ല് നമ്പർ - 4/21/22 / 15/03/2022 – 1,07,800 രൂപ

ബില്ല് നമ്പർ - 5/21/22 / 27/03/2022 – 60,131 രൂപ

ബില്ല് നമ്പർ - 6/21/22 / 27/03/2022 – 1,71,121 രൂപ

ബില്ല് നമ്പർ - 7/21/22 / 31/03/2022 – 1,511 രൂപ

ആകെ 12,50,000 രൂപ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥനായ ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് നൽകൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകളും സബ്സിഡി തുക അനുവദിച്ചതുമായി ബന്ധപ്പെട്ട യു.റ്റി.ആർ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്ന് ഏതാനും ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ യു.റ്റി.ആർ നമ്പർ നമ്പറിന് പകരം Null എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ നൽകുന്നു.

ട്രഷറി ബില്ല് നമ്പർ 1/21-22 (342/ 26/02/2022)

| സി.നം | പേര് | തുക |
|---|---|---|
| 1 | സ്മിത ഷാജി | 847 |
| 2 | അബ്രഹാം എൻ.എം | 348 |
| 3 | സത്യവതി കഴുന്നിയിൽ | 459 |
| 4 | കുഞ്ഞികൃഷ്ണൻ പി.കെ | 280 |
| 5 | സിസിലി | 981 |
| 6 | ശാരദ | 1258 |
| 7 | ലില്ലിക്കുട്ടി | 1914 |
| 8 | മധു പ്രസാദ് സി.എച്ച് | 3202 |
| 9 | ഷിനി | 1580 |
| 10 | റെജി സി.എസ് | 4051 |
| 11 | അപ്പച്ചൻ | 1994 |
| 12 | ജോസഫ് | 5512 |
| 13 | മേരി | 1411 |
| 14 | ജിസ് മാത്യു | 767 |
| 15 | രാമചന്ദ്രൻ | 975 |
| 16 | അച്ചപ്പൻ | 433 |
| 17 | ജോണി പി.സി | 3141 |
| 18 | ലാലി സജി | 2263 |
| 19 | ജോഷി ജോർജ്ജ് | 950 |
| 20 | തോമസ് | 282 |
| 21 | ജോസ് | 335 |
| 22 | ഡേവിഡ് മാത്യു | 560 |
| 23 | ജോർജ്ജ് | 3298 |
| 24 | മത്തായി | 1387 |
| 25 | ഏലിയാമ്മ | 2126 |
| 26 | സിബി | 10816 |
| 27 | അജിത സതീശൻ | 1763 |
| 28 | ടോമി | 504 |
| 29 | അമ്മിണി | 1218 |

| | | |
|---|---|---|
| 30 | സരോജിനി ശ്രീധരൻ | 2736 |
| 31 | ചാക്കോ പി.കെ | 288 |
| 32 | മുനീർ | 5890 |
| 33 | രവീഷ് | 930 |
| 34 | ബാലകൃഷ്ണൻ | 1107 |
| 35 | ജിഷ | 2798 |
| 36 | റാണി | 1278 |
| 37 | ഷില്ലി | 2668 |
| 38 | സുരേഷ് | 2624 |
| 39 | ബെന്നി | 945 |
| 40 | ആമിന | 3128 |
| 41 | ബാബു | 867 |
| 42 | പൗലോസ് | 1065 |
| 43 | ബേബി | 131 |
| 44 | സുബൈദ | 809 |
| 45 | രാജൻ | 1174 |
| ആകെ | | 83093 |

ബില്ല് നമ്പർ - 2/21-22 (341 / 26/02/2022)

| സി.നം | പേര് | തുക |
|---|---|---|
| 1 | രാജൻ എം | 222 |
| 2 | വൽസല കെ | 1013 |
| 3 | തോമസ് കെ എ | 389 |
| 4 | സന്തോഷ് | 654 |
| 5 | മാധവി എം | 756 |
| 6 | രാമകൃഷ്ണ വാര്യർ | 2241 |
| ആകെ | | 5275 |

ബില്ല് നമ്പർ - 3/21-22 (340/ 26/02/2022)

| സി.നം | പേര് | തുക |
|---|---|---|
| 1 | മിനി വർക്കി | 1188 |
| 2 | ഗോപി പി.കെ | 465 |
| 3 | ലക്ഷ്മി കെ എം | 916 |
| 4 | അബ്രഹാം സി.ജെ | 1133 |
| 5 | സ്റ്റീഫൻ പി.കെ | 258 |
| 6 | കേളു വി.എം | 998 |
| 7 | ജയശ്രീ | 825 |
| 8 | കുഞ്ഞാമൻ | 139 |
| 9 | സിജോം ജോസ് | 631 |
| 10 | ഗംഗാധരൻ എം.കെ | 987 |
| 11 | കംഭ | 1057 |
| 12 | ജോബി | 2067 |
| 13 | സന്തോഷ് കെ കെ | 2597 |
| | | 13261 |

ബില്ല് നമ്പർ - 5/21-22 (442/ 21/03/2022)

| സി.നം | പേര് | തുക |
|---|---|---|
| 1 | ആയിഷ പി.വി | 1509 |
| 2 | സുജ | 352 |
| 3 | സാവിത്രി | 3348 |
| | | 5209 |

ബില്ല് നമ്പർ - 6/21-22 (443/ 21/03/2022)

| സി.നം | പേര് | തുക |
|---|---|---|
| 1 | മിനി വർക്കി | 88 |
| 2 | ഗോപി പി.കെ | 61 |
| 3 | ലക്ഷ്മി കെ.എം | 51 |
| 4 | അബ്രഹാം സി.ജെ | 337 |
| 5 | കേളു വി.എം | 152 |
| 6 | ജയശ്രീ | 208 |
| 7 | ഗംഗാധരൻ എം കെ | 226 |
| 8 | കുംഭ | 147 |
| 9 | സ്മിത സജി | 33 |
| 10 | അബ്രഹാം എൻ.എം | 71 |
| 11 | സത്യവതി കഴുന്നിയിൽ | 168 |
| 12 | ജോബി | 476 |
| 13 | സന്തോഷ് കെ കെ | 1193 |
| 14 | വത്സല കെ | 143 |
| 15 | തോമസ് കെ എ | 62 |
| 16 | മാധവി എം | 44 |
| 17 | ആയിഷ പി.വി | 244 |
| 18 | സുജ | 286 |
| 19 | സിസിലി | 242 |
| 20 | ശാരദ | 30 |
| 21 | മധു പ്രസാദ് സി.എച്ച് | 265 |
| 22 | ഷിനി | 645 |
| 23 | റെജി സി.എസ് | 690 |
| 24 | അപ്പച്ചൻ | 196 |
| 25 | ജോസഫ് | 1188 |
| 26 | മേരി | 97 |
| 27 | ജിസ് മാത്യു | 461 |
| 28 | രാമചന്ദ്രൻ | 126 |
| 29 | ജോണി പി.സി | 379 |
| 30 | ജോഷി ജോർജ്ജ് | 399 |
| 31 | ജോസ് | 273 |
| 32 | ഡേവിഡ് മാത്യു | 72 |
| 33 | ജോർജ്ജ് | 380 |
| 34 | മത്തായി | 840 |
| 35 | ഏലിയാമ്മ | 442 |
| 36 | സിബി | 2100 |
| 37 | അജിത സതീശൻ | 85 |

| | | |
|---|---|---|
| 38 | സാവിത്രി | 469 |
| 39 | അമ്മിണി | 234 |
| 40 | സരോജിനി ശ്രീധരൻ | 482 |
| 41 | ചാക്കോ പി.കെ | 260 |
| 42 | മുനീർ | 741 |
| 43 | രവീഷ് | 252 |
| 44 | ബാലകൃഷ്ണൻ | 182 |
| 45 | ജിഷ | 595 |
| 46 | രാധാകൃഷ്ണൻ വാര്യർ | 507 |
| 47 | റാണി | 488 |
| 48 | ഷില്ലി | 656 |
| 49 | സുരേഷ് | 894 |
| 50 | ബെന്നി | 291 |
| 51 | ആമിന | 435 |
| 52 | ബാബു | 251 |
| 53 | ജോസ് | 94 |
| 54 | പൗലോസ് | 206 |
| 55 | സുബൈദ | 302 |
| 56 | രാജൻ | 372 |
| ആകെ | | 20611 |

മേൽ വ്യക്തികൾക്ക് സബ്സിഡി തുക ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 5/2021-22 / 18/10/2022 മുഖേന ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികൾക്ക് സബ്സിഡി തുക ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട് നമ്പർ 67/22

ചെലവ്- 2,00,000 രൂപ

ബിൽ നമ്പർ 2/2021-22 തീയതി 17/12/2021

കൃഷി ഓഫീസർ ഹാജരാക്കിയ ട്രഷറി ബിൽ ബുക്ക് പ്രകാരം 2,00,000 രൂപ 17/12/2021 തീയതി ചെലവഴിച്ചതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല മേൽ ചെലവുമായി ബന്ധപ്പെട്ട് ഹാജരാക്കിയിട്ടുള്ളത് പച്ചക്കറി കൃഷി വികസനം-ജനറൽ പദ്ധതിയുടെ ഫയലാണ്. മേൽ പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് ചൂണ്ടിക്കാണിച്ച് നൽകിയ 18/10/2022ാം തീയതിയിലെ 5/2021-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 മരണപ്പെട്ട വ്യക്തികളുടെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടുന്നില്ല, സർക്കാരിന് ധന നഷ്ടം സംഭവിക്കുന്നു.

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട് സേവനസോഫ്റ്റ്വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ വിതരണം ചെയ്തതായി കാണുന്നു.

കിടപ്പ് രോഗികൾക്ക് ഡയറക്ട് ടു ഹോം എന്ന രീതിയിൽ സഹകരണ ബാങ്കുകൾ വഴി പെൻഷൻ തുക നേരിട്ട് നൽകുകയും, മറ്റ് വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുകയുമാണ് ചെയ്തു വരുന്നത് .

എ) തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം എന്ന രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു

ഡയറക്റ്റ് ടു ഹോം -പെൻഷൻ തുക വ്യക്തികൾക്ക് നൽകാനായി സഹകരണ ബാങ്കുകൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ (മരണശേഷമുള്ള കാലയളവിലേക്ക്)

| ക്രമനമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം പെൻഷൻ തുക കൈമാറിയ അവസാനമാസം | അനർഹ പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|---|
| 1 | തില്ല | സാമൂഹ്യ സുരക്ഷാ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 110740 600404 | 11/01/2022 | ഏപ്രിൽ 2022 | ഫെബ്രുവരി 2022 മുതൽ ഏപ്രിൽ 2022 വരെ (പെൻഷൻ സസ്പെൻഡഡ്) | 4800 |
| 2 | ഏലിക്കുട്ടി | സാമൂഹ്യ സുരക്ഷാ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 110740 200115 | 13/02/2022 | ഏപ്രിൽ 2022 | 2022 മാർച്ച്, 2022 ഏപ്രിൽ (പെൻഷൻ സസ്പെൻഡഡ്) | 3200 |
| 3 | ആന്തോണി അമ്മ | സാമൂഹ്യ സുരക്ഷാ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) | 110740 100167 | 13/03/2022 | ഏപ്രിൽ 2022 | ഏപ്രിൽ 2022 (പെൻഷൻ സസ്പെൻഡഡ്) | 1600 |
| 4 | ഫിലിപ്പോസ് | സാമൂഹ്യ സുരക്ഷാ പെൻഷൻ (കർഷക തൊഴിലാളി പെൻഷൻ) | 110740 100304 | 13/02/2022 | ഏപ്രിൽ 2022 | 2022 മാർച്ച്, 2022 ഏപ്രിൽ (പെൻഷൻ സസ്പെൻഡഡ്) | 3200 |
| | ആകെ | | | | | | 12800 |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 18/10/2022 തീയതിയിലെ 3/2021-22 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഗുണഭോക്താവ് മരണപ്പെടുകയോ സ്ഥലത്തില്ലാതാവുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ സഹകരണ ബാങ്കിലെ ഏജന്റ് ഡീസീസ്ഡ്/ഡോർ ക്ലോസ്ഡ് എന്ന് സേവന സൈറ്റിൽ രേഖപ്പെടുത്തുകയും പെൻഷൻ തുക സർക്കാരിലേക്ക് തിരികെ അടക്കുകയും ചെയ്യുന്നുണ്ടെന്ന് തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. യഥാസമയം പെൻഷൻ ഗുണഭോക്താവ് മരണപ്പെടുന്ന വിവരം പഞ്ചായത്തിൽ അറിയിച്ചാൽ മാത്രമേ തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ

ബേസിൽ നിന്നും ഒഴിവാക്കാൻ സാധിക്കു. ആയതിനാൽ മരണപ്പെട്ടത് മൂലം പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാത്ത പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ താമസംവിനാ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് സഹകരണ ബാങ്കിനോട് ആവശ്യപ്പെടേണ്ടതാണ്.

ബി) പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. ഉദാഹരണങ്ങളും വിശദാംശങ്ങളും താഴെ നൽകുന്നു.

അക്കൗണ്ടിലേക്ക് പെൻഷൻ തുക അയച്ച വിവരങ്ങൾ (മരണശേഷമുള്ള കാലയളവിൽ )

| ക്രമനമ്പർ | പേര് | ഇനം | പെൻ-ഷണർ ഐ.ഡി | ആധാർ നമ്പർ | മരണ-പ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം പെൻഷൻ തുക കൈമാറിയ അവസാന മാസം | അനർഹമായി പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹമായി കൈമാറിയ പെൻഷൻ തുക |
|---|---|---|---|---|---|---|---|---|
| 1 | കുര്യൻ കെ.എം | സാമൂഹ്യ സുരക്ഷാ പെൻഷൻ ( ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധ-ക്യകാല പെൻഷൻ) | 110740 201471 | 315209 000591 | 11/01 /2022 | ഏപ്രിൽ 2022 | ഫെബ്രുവരി 2022 മുതൽ ഏപ്രിൽ 2022 വരെ | 4800 |
| 2 | രാമൻ നായർ | സാമൂഹ്യ സുരക്ഷാ പെൻഷൻ ( ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധ-ക്യകാല പെൻഷൻ) | 110740 200026 | 375735 465150 | 11/03 /2022 | ഏപ്രിൽ 2022 | ഏപ്രിൽ 2022 | 1600 |
| ആകെ | | | | | | | | 6400 |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 18/10/2022 ാം തീയതിയിലെ 3/2021-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 03/03/2022 ാം തീയതിയിൽ 28/2022 ആയാണ് ശ്രീ കുര്യന് എന്നിവരുടെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും 2022 മാർച്ച് മാസത്തെ പെൻഷൻ വിതരണത്തെ തുടർന്ന് സേവന സൈറ്റ് ക്ലോസ് ചെയ്തതിനാലാണ് മേൽ വ്യക്തിയുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതെന്നും സൈറ്റ് ഓപ്പണായ 25/04/2022ാം തീയതി തന്നെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട് . ശ്രീ രാമൻ നായർ എന്നിവരുടെ മരണം 12/04/2022 ാം തീയതിയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും 25/04/2022ാം തീയതി മേൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നുമറിയിച്ചിട്ടുണ്ട്.

സി) ക്ഷേമ നിധി ബോർഡ് പെൻഷനുകളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ നാളിതു വരേ സസ്പെൻഡ് ചെയ്തതായി കാണുന്നില്ല

അക്കൗണ്ടിലേക്ക് പെൻഷൻ തുക അയച്ച വിവരങ്ങൾ (മരണശേഷമുള്ള കാലയളവിൽ )

| ക്രമനമ്പർ | പേര് | ഇനം | പെൻ-ഷണർ ഐ.ഡി | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം പെൻഷൻ | അനർഹ പെൻഷൻ കൈമാറിയ കാലഘട്ടം | അനർഹമായി കൈമാറിയ പെൻഷൻ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | അവസാനം കൈമാറിയ മാസം | | |
| 1 | അണ്ണൻ | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 22202 94543 | 27/12/2021 | ജൂൺ 2022 | ജനവരി 2022 മുതൽ ജൂൺ 2022 വരേ (പെൻഷൻ ആക്ടീവ്) | 9600 |
| 2 | മത്തായി | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 22202 94495 | 22/03/22 | ആഗസ്റ്റ് 2022 | ഏപ്രിൽ 2022 മുതൽ ആഗസ്റ്റ് 2022 വരേ (പെൻഷൻ ആക്ടീവ്) | 8000 |
| 3 | പാത്തുമ്മ | ക്ഷേമനിധി ബോർഡ് പെൻഷൻ (Karshaka Pension For Small And Marginal Farmers) | 22202 94485 | 05/04/22 | മേയ് 2022 | മേയ് 2022 (പെൻഷൻ ആക്ടീവ്) | 1600 |
| ആകെ | | | | | | | 19200 |

മേൽ അപാകത ചൂണ്ടിക്കാണിച്ച് 18/10/2022ാംതീയതിയിലെ നൽകിയ 3/2021-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് കാർഷിക പെൻഷൻ അർഹത പരിശോധിച്ച് ഡാറ്റാ എൻട്രി നടത്തുന്ന കൃഷി ഓഫീസറിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.ആയതിനാൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണം റിപ്പോർട്ട് ചെയ്യുന്ന വേളയിൽ തന്നെ വേഗത്തിൽ അന്വേഷണം നടത്തി പെൻഷൻ സസ്പെൻഡ് ചെയ്ത് മരണപ്പെടുന്ന വ്യക്തിക്ക് അനർഹമായ കാലയളവിൽ പെൻഷൻ നൽകുന്നതൊഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

23.09.2020 തീയതിയിലെ സ.ഉ.(എം.എസ്)നം.97/2020/ധന നമ്പർ ഉത്തരവ് ഖണ്ഡിക സി12 പ്രകാരം മരണപ്പെടുന്നവരുടെയും, പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗൻവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.ഖണ്ഡിക സി13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അത്തരക്കാരെ അന്വേഷണത്തിന് ശേഷം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. ഖണ്ഡിക സി14 പ്രകാരം പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം

പ്രാദേശിക സർക്കാരുകളെ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 2021,2022 വർഷങ്ങളിലെ മരണരജിസ്റ്ററും ചുരുക്കം ചില മരണരജിസ്റ്ററേഷൻ അപേക്ഷകളും പരിശോധിച്ചതിൽ നിന്നാണ് മേൽ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് പുറത്ത് മരണപ്പെട്ടതും, മറ്റ് വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ വെച്ച് മരണപ്പെട്ടതുമായ പെൻഷൻ ഗുണഭോക്താക്കളായിരുന്നവർക്ക് പെൻഷൻ വിതരണം ചെയ്ത വിവരങ്ങൾ കൂടി പരിശോധിച്ചാൽ ഭീമമായ തുക സർക്കാരിന് നഷ്ടം സംഭവിച്ചത് കണ്ടെത്താൻ കഴിയുമെന്ന് ഓഡിറ്റ് അനുമാനിക്കുന്നു . ആയതിനാൽ വിശദമായ അന്വേഷണം നടത്തി പെൻഷൻ ഡാറ്റാബേസിൽ നിന്ന് അനർഹരെ നീക്കം ചെയ്യേണ്ടതും, അനർഹമായി പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. കൂടാതെ സേവന പെൻഷൻ സോഫ്റ്റ്വേയറും മരണം രജിസ്റ്റർ ചെയ്യുന്ന ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറും ലിങ്ക് ചെയ്ത് മേൽ അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ തലത്തിലേക്ക് ശിപാർശ നൽകാവുന്നതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 അങ്കണവാടി പോഷകാഹാരം - ഭക്ഷ്യസാധനങ്ങൾ വാങ്ങിയ വകയിൽ ₹252648/- അധികം നൽകി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡിഎസ് സൂപ്പർവൈസർ |
| പദ്ധതി | അങ്കണവാടി പോഷകാഹാരം (ജനറൽ),<br>(71/22) |
| അടങ്കൽ | 2405888( വികസന ഫണ്ട്, ജനറൽ )<br>10,00,000(കേന്ദ്രാവിഷ്കൃത പദ്ധതി) |
| ചെലവ് | 2405888( വികസന ഫണ്ട്, ജനറൽ )<br>10,00,000(കേന്ദ്രാവിഷ്കൃത പദ്ധതി) |
| ബിൽ നമ്പർ/<br>ചെക്ക് നമ്പർ | 3/21-22/ 16.10.2022 – ₹862846/-<br>4/21-22/ 16.10.2022- ₹648310/-<br>5/ 21-22/ 16.10.2022 – ₹406307/-<br>560515 /06.01.2022– ₹459123-<br>19/21- 22/ 11.03.2022 – ₹82537/-<br>22/ 21-22 / 16.03.2022 – ₹405888/-<br>060939 /25.03.2022-₹540877/- |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡിഎസ് സൂപ്പർവൈസർ |
| പദ്ധതി | അങ്കണവാടി പോഷകാഹാരം (ടി.എസ്.പി)<br>(63/22) |
| അടങ്കൽ | 1500000(വികസന ഫണ്ട്, ജനറൽ )<br>400000(കേന്ദ്രാവിഷ്കൃത പദ്ധതി)<br>500000(ബ്ലോക്ക് പഞ്ചായത്ത് ) |
| ചെലവ് | 1500000(വികസന ഫണ്ട്, ജനറൽ )<br>400000(കേന്ദ്ര വിഹിതം)<br>500000(ബ്ലോക്ക് പഞ്ചായത്ത് ) |
| ബിൽ നമ്പർ/<br>ചെക്ക് നമ്പർ | 1/21-22/ 05.10.2021 – ₹680976/-<br>2/21-22/ 05.10.2021- ₹ 503602/-<br>6/ 21-22/06.10.2021– ₹315422/-<br>7/21-22/06.01.2022– ₹500000/- |

| | |
|---|---|
| | (ബ്ലോക്ക് വിഹിതം)<br>060939 /25.03.2022-₹40000/-<br>(കേന്ദ്രവിഹിതം) |

ഫയലുകൾ പ്രകാരം മേൽ പരാമർശിച്ച പദ്ധതികൾക്കായി 2021- 22 ൽ ചുവടെ കൊടുക്കുന്ന തരത്തിൽ മാവേലി സൂപ്പർ മാർക്കറ്റിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം | ഇൻവോയ്സ് തുക | ട്രഷറി ബിൽ/ചെക്ക് നം | ട്രഷറി ബിൽ/ ചെക്ക് പ്രകാരം നൽകിയ തുക |
|---|---|---|---|---|
| 1 | 21121/28.05.2021 | 535911 | 3/21-22/ 16.10.2022 | 415338 |
| | | | 060939/25.03.2022 | 120573 |
| 2 | 21124/28.05.2021 | 59722 | 6/ 21-22/06.10.2021 | 59722 |
| 3 | 21246/31.07.2021 | 507274 | 6/ 21-22/06.10.2021 | 255700 |
| | | | 7/21-22/06.01.2022 | 251574 |
| 4 | 21347/11.10.2021 | 723888 (അവശേഷിച്ച 70496/- രൂപ 2022-23 ൽ നൽകി) | 060939 / 25.03.2022 | 4966 |
| | | | 7/21-22/06.01.2022 | 248426 |
| | | | 060939 / 25.03.2022 | 400000 |
| 5 | 21436/22.11.2021 | 664609 | 2022-23 ൽ നൽകി | |
| 6 | 21532/31.01.2022 | 894983 | 2022-23 ൽ നൽകി | |
| 7 | 21627/30.03.2022 | 624339.06 | 2022-23 ൽ നൽകി | |

എന്നാൽ 2020-21 ൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുകയും തുക നൽകാൻ അവശേഷിച്ചതുമായ ചുവടെ പരാമർശിക്കുന്ന ഇൻവോയ്സ് പ്രകാരമുള്ള സപ്ലൈക്കോ ബില്ലിൽ അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം | ഇൻവോയ്സ് തുക | ട്രഷറി ബിൽ /ചെക്ക് നം | ട്രഷറി ബിൽ /ചെക്ക് - തുക |
|---|---|---|---|---|
| 1 | 20363/31.12.2020 | ₹862846/- | 64940/29.03.2021<br>(ടി.എസ് .പി പദ്ധതി- കേന്ദ്രവിഹിതം) | 7767<br>244881 |
| | | | 3/21-22/ 16.10.2022<br>(ജനറൽ പദ്ധതി- ജനറൽ ഫണ്ട്) | 447508 |
| | | | 060939 /25.03.2022<br>(ജനറൽ പദ്ധതി- കേ.വിഹിതം) | 415338 |
| | | ആകെ നൽകിയത് | | 1115494 |

ഇത്തരത്തിൽ ₹252648/- (1115494 – 862846 = 252648) രൂപ അധികം നൽകിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/21-22/21.10.2022) ന് 2020-21 വർഷത്തിൽ വാങ്ങിയ ഇൻവോയ്സ് നമ്പർ 1203107/20326 തീ. 31.12.2020 (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 102- 103 ൽ സ്റ്റോക്കിലെടുത്തത്) പ്രകാരമുള്ള തുക ₹52015/- നൽകാനവശേഷിക്കുന്നുണ്ടെന്നും ബാക്കിയുള്ള തുക 2022- 23ൽ നൽകാനവശേഷിക്കുന്ന തുകയിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുക അഡ്ജസ്റ്റ് ചെയ്ത് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ആയതിലേക്കായി അധികം നൽകിയ ₹252648/- രൂപ തടസ്സത്തിൽ വെക്കുന്നു. തുക ക്രമീകരിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നില്ലായെങ്കിൽ അധികമായി നൽകുന്ന തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 സ്നേഹയാനം ഓട്ടോ സർവീസ് - മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( എഫ്.എച്ച്.സി)

പദ്ധതി - 113/22- സ്നേഹയാനം ഓട്ടോ സർവീസ്

അടങ്കൽ- ₹2,80,000/-

ചെലവ് - ₹2,75,400/-

പദ്ധതി മാർഗ്ഗരേഖ ( ഖ. 7.7) പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി മാത്രം വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്. കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സക്കെത്തുന്ന കിഡ്നി, ക്യാൻസർ രോഗികൾ ,ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ,വയോജനങ്ങൾ എന്നിവർക്ക് കോറോം ടൗണിൽ നിന്നും ആശുപത്രിയിൽ എത്തുന്നതിന് സൗകര്യമൊരുക്കുന്നതിനായി ക്വട്ടേഷൻ പ്രകാരം ലഭ്യമായ വാഹനത്തിന് വാടക നൽകുകയാണ് ഈ പദ്ധതി മുഖേന ചെയ്തത് .2021 ഏപ്രിൽ മുതൽ ജൂൺ വരെ പ്രതിദിനം 1000/- രൂപ നിരക്കിലും 2021 ജൂലൈ മുതൽ 2022 മാർച്ച് വരെ പ്രതിദിനം 840/- രൂപ നിരക്കിലും ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഓരോ ദിവസവും എത്ര രോഗികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തി എന്നതിന്റെയോ, എത്ര തവണ സർവീസ് നടത്തി എന്നത് സംബന്ധിച്ചുള്ള രേഖകളോ, മോണിറ്ററിംഗ് സമിതി ടി പദ്ധതി മോണിറ്റർ ചെയ്തതിന്റെയോ യാതൊരു രേഖകളും ലഭ്യമല്ല. എന്നാൽ ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയ ഉത്തരവ്/ പ്രത്യേക അനുമതിയുണ്ടെങ്കിൽ ആയത് എന്നിവയും, മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21-22/25.10.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹2,75,400/ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-26 രോഗപ്രതിരോധ പ്രവർത്തനങ്ങളും, ആരോഗ്യ ബോധവത്കരണവും - പദ്ധതിയിലുൾപ്പെടാത്തയിനങ്ങൾക്ക് തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( എഫ്.എച്ച്.സി)

പദ്ധതി - 110/22- രോഗപ്രതിരോധ പ്രവർത്തനങ്ങളും, ആരോഗ്യ ബോധവത്കരണവും

അടങ്കൽ- ₹1,60,000/-

ചെലവ് - ₹1,59,800/-

| ക്രമ നമ്പർ | ബിൽ നം/ തീയതി | തുക |
|---|---|---|
| 1 | 5/21-22/10.6.21 | 10000 |
| 2 | 8/21-22/7.7.21 | 7000 |
| 3 | 12/21-22/4.8.21 | 15600 |
| 4 | 19/21-22/12.10.21 | 36000 |
| 5 | 21/21-22/3.11.22 | 10800 |
| 6 | 28/21-22/8.12.21 | 9600 |
| 7 | 32/21-22/3.1.22 | 14400 |
| 8 | 35/21-22/7.2.22 | 9600 |
| 9 | 43/21-22/14.3.22 | 18000 |
| 10 | 46/21-22/25.3.22 | 28800 |
| | ആകെ | 1,59,800 |

പദ്ധതി മാർഗ്ഗരേഖ ( ഖ. 7.7) പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്തവർക്ക് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്.പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ മുഖേന ലഭ്യമാകുന്ന വാഹനത്തിന് വാടക നൽകുകയാണ് ടി പദ്ധതിയിൽ നടപ്പാക്കിയത്. ഫയൽ പരിശോധിച്ചതിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കല്ലാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് പ്രവർത്തനങ്ങൾക്കും തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|---|---|
| 1 | 32/21-22/03.01.2022 | 6/21-22/13.12.2021 | 1200 | ഡി&ഒ പരിശോധന |
| 2 | 43/21-22/14.03.2022 | 8/21-22/16.12.2021 | 1200 | ഡി&ഒ പരിശോധന |

| | | | | |
|---|---|---|---|---|
| 3 | 46/21-22/25.03.2022 | 01/21-22/03.02.2022 | 1200 | ഡി&ഒ പരിശോധന |
| 4 | " | 02/21-22/04.02.2022 | 1200 | ഡി&ഒ പരിശോധന |
| 5 | " | 03/21-22/05.02.2022 | 1200 | ഡി&ഒ പരിശോധന |
| 6 | " | 04/21-22/09.02.2022 | 1200 | ഡി&ഒ പരിശോധന |
| 7 | " | 05/21-22/11.02.2022 | 1200 | ഡി&ഒ പരിശോധന |
| 8 | " | 06/21-22/14.02.2022 | 1200 | ഡി&ഒ പരിശോധന |
| 9 | " | 07/21-22/18.02.2022 | 1200 | ഡി&ഒ പരിശോധന |
| 10 | " | 08/21-22/022.02.2022 | 1200 | ഡി&ഒ പരിശോധന |
| 11 | " | 09/21-22/26.02.2022 | 1200 | ഡി&ഒ പരിശോധന |
| 12 | " | 13/21-22/05.03.2022 | 1200 | ഡി&ഒ പരിശോധന |
| 13 | " | 14/21-22/07.03.2022 | 1200 | ഡി&ഒ പരിശോധന |
| 14 | " | 15/21-22/08.03.2022 | 1200 | ഡി&ഒ പരിശോധന |
| 15 | " | 17/21-22/11.03.2022 | 1200 | ഡി&ഒ പരിശോധന |
| 16 | " | 18/21-22/16.03.2022 | 1200 | ഡി&ഒ പരിശോധന |
| 17 | " | 21/21-22/22.03.2022 | 1200 | ഡി&ഒ പരിശോധന |
| | | ആകെ | 20400 | |

അനുമതി ഇല്ലാത്ത ഇനങ്ങൾക്ക് പദ്ധതിയിലുൾപ്പെടുത്തി തുക നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21-22/25.10.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. ₹20400/- തടസ്സത്തിൽ വെക്കുന്നു.

## 1-27 പെയിൻ & പാലിയേറ്റീവ് - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ( എഫ്.എച്ച്.സി)

പദ്ധതി - 106/22- പെയിൻ&പാലിയേറ്റീവ്

അടങ്കൽ- ₹927960/-

ചെലവ് - ₹744763/-

| ക്രമ നം | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 1/21-22/3.6.21 | 38657 |
| 2 | 4/21-22/10.6.21 | 54974 |
| 3 | 7/21-22/7.7.21 | 47281 |
| 4 | 15/21-22/4.8.21 | 39853 |
| 5 | 16/21-22/20.9.21 | 42623 |
| 6 | 18/21-22/12.10.21 | 34911 |
| 7 | 24/21-22/3.11.21 | 26870 |
| 8 | 25/21-22/8.12.21 | 34230 |
| 9 | 30/21-22/3.1.22 | 35730 |
| 10 | 38/21-22/8.2.2022 | 38880 |
| 11 | 39/21-22/7.2.22 | 179999 |
| 12 | 41/21-22/14.3.22 | 49256 |
| 13 | 44/21-22/21.3.22 | 72144 |
| 14 | 45/21-22/25.3.22 | 49355 |
| ആകെ | | 744763 |

1 )മതിയായ രേഖകളില്ലാതെ തുക അനുവദിക്കുന്നു

കിടപ്പ് രോഗികൾ,ജീവിതശൈലി രോഗങ്ങൾ മൂലം പ്രശ്നങ്ങൾ അനുഭവിക്കുന്നവർ മുതലായവരെ

പരിചരിക്കുന്നതിനായി പഞ്ചായത്തുകളിൽ പരിശീലനം ലഭിച്ച ഒരു കമ്യൂണിറ്റി നേഴ്സിന്റെ നേതൃത്വത്തിൽ ഒരു ഹോം കെയർ ടീം രൂപീകരിച്ച് ഗൃഹകേന്ദ്രീകൃത പരിചരണം നടത്തേണ്ടതുണ്ട്. മേൽ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07/03/2019 തീയതിയിലെ സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരമുള്ള പരിഷ്കരിച്ച മാർഗരേഖ നിഷ്കർഷിച്ചിട്ടുള്ള രീതിയിലാണ് നിർവ്വഹിക്കേണ്ടത്.

മേൽ മാർഗരേഖയിലെ ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസം ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഹോം കെയർ റിപ്പോർട്ട് ബുക്ക് സൂക്ഷിക്കേണ്ടതും ഖണ്ഡിക 2.6.4 പ്രകാരം മേൽ ബുക്കിലെ വിവരങ്ങളുടെ റിപ്പോർട്ട് ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും, ഖണ്ഡിക 2.6.5 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറുപേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ് ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ പ്രൊജക്റ്റിൽ വിലയിരുത്താവുന്നതും പി.എം.സിയുടെ തീരുമാനപ്രകാരം ചെലവഴിക്കുന്നതുമാണ്. എന്നിരുന്നാലും സമൂഹം വലിയതോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഹോംകെയർ ടീമിന്റെ ഭക്ഷണ ചെലവ് സൗജന്യമായി കുറഞ്ഞനിരക്കിൽ ലഭിക്കാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതുമുണ്ട്.

ഹോം കെയർ ടീം അംഗങ്ങൾക്ക് ഭക്ഷണ ചെലവിനത്തിൽ പണം ചെലവഴിച്ചിട്ടുള്ളത് സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരമുള്ള പരിഷ്കരിച്ച മാർഗരേഖ ഖണ്ഡിക 2.6.5 നിഷ്കർഷിച്ച പ്രകാരമല്ല. ഹോം കെയർ ടീം അംഗങ്ങളുടെ എണ്ണം പരിഗണിക്കാതെ പ്രതിദിനം 400 രൂപ വീതവും ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരോ ദിവസവും എത്ര വളണ്ടിയർമാർ ഉണ്ടായിരുന്നു എന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ ചെലവിന്റെ ബില്ലുകളും ഫയലിനൊപ്പം സമർപ്പിച്ചിട്ടില്ല. പണം മെഡിക്കൽ ഓഫീസറിൽ നിന്ന് സ്വീകരിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയ വിവിധ ഹോട്ടലുടമകളുടെ പേരിലുള്ള കൈപ്പറ്റ് രസീതുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ട്രഷറി ബിൽ പ്രകാരം ടി തുക പാലിയേറ്റീവ് കെയർ നഴ്സിന്റെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യുന്നത്. തൻവർഷം ഇത്തരത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ട്രഷറി ബിൽ നമ്പർ/തുക | നൽകിയ തുക |
|---|---|---|
| 1 | 01/21-22/03.06.2021- ₹38657 | 6400 |
| 2 | 04/21-22/10.06.2021 - ₹54974 | 6400 |
| 3 | 07/21-22/07.07.2021 -₹47281 | 6400 |
| 4 | 15/21-22/04.08.2021 -₹39853 | 6400 |
| 5 | 16/21-22/20.09.2021 -₹42623 | 6400 |

| | | |
|---|---|---|
| 6 | 18/21-22/12.10.2021- ₹34911 | 5600 |
| 7 | 24/21-22/03.11.2021-₹26870 | 6000 |
| 8 | 25/21-22/08.12.2021 - ₹34230 | 4000 |
| 9 | 30/21-22/03.01.2022-₹35730 | 5200 |
| 10 | 38/21-22/08.02.2021-₹38880 | 6170 |
| 11 | 41/21-22/14.03.2022-₹49256 | 6400 |
| 12 | 45/21-22/25.03.2022-₹49355 | 6400 |

ഇത്തരത്തിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21-22/ 25.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിലേക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പരാമർശിച്ച രീതിയിൽ തുക നൽകിയതിന് വിശദീകരണം നൽകേണ്ടതും, പി.എം.സി യുടെയും, മോണിറ്ററിംഗ് കമ്മിറ്റിയുടെയും റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

2) മരുന്ന് ലഭ്യമായില്ല.

ട്രഷറി ബിൽ നമ്പർ - 39/21-22/7.2.2022 പ്രകാരം 1,79,999/- രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട് ( ഇൻവോയ്സ് നമ്പർ PRF -3836/04.12.21- 100000/- , PRF -3953/09.12.21- 79999/- ) മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21-22/25.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതനുസരിച്ച് ബില്ലുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ₹1,79,999/- രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|
| 21/10/2022, 22/10/2022 | ഇതേ റിപ്പോർട്ട് നമ്പർ തീയതി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 283000 | പ്രോജ.നം.56/22 ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) | 283000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 210000 | പ്രോജ.നം.344/22 ലൈഫ് ഭവനനിർമ്മാണം (ടി.എസ്.പി) | 210000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | പ്രോജ.നം 81/22 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | പ്രോജ.നം 65/22 ഗോത്രസാരഥി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 250000 | പ്രോജ.നം 61/22 – നെൽകൃഷിക്ക് കൂലിചെലവ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 88668 | പ്രോജ.നം 61/22 – നെൽകൃഷിക്ക് കൂലിചെലവ് | 88668 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 141748 | പ്രോജ.നം.81/22- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 141748 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 87000 | പ്രോജ.നം.56/22 ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി) | 87000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | പ്രോജ. നം.63/22 അങ്കണവാടി പോഷകാഹാരം (ടി.എസ്.പി) | 500000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | നിലാവ് | 42100297<br>42100298 | 2180930<br>211106 | | 2392036 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാരുണ്യ ഭവന പദ്ധതി ലോൺ | സ.ഉ(എം.എസ്).83/13 /ത.സ്വ.ഭ.വ തിയ്യതി 11.03.2013 | | 62,30,000 | 12,00,000 | 0 | 50,30,000 |
| ലൈഫ് ഭവന പദ്ധതി | | | | | | |

ലൈഫ് ഭവന പദ്ധതിക്ക് ലഭ്യമാകുന്ന KURDFC ലോൺ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലോൺ ഇനത്തിൽ വാർഷിക കണക്ക് പ്രകാരം മുൻബാക്കി 40936331/-രൂപയും നീക്കി ബാക്കി 3,72,98,998/- രൂപയും വരവ് 1,28,20,000/- രൂപയുമാണ്. എന്നാൽ രജിസ്റ്റർ പ്രകാരം തൻവർഷം 60000/- രൂപയാണ് ലോൺ വരവ്. ജി.ഒ. പ്രോജക്ടുകൾക്കായി ലൈഫ് പദ്ധതിക്കായി വികസന ഫണ്ടിന്റെ വിവിധ സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്തത് 3637325/- രൂപയാണ്. ഇത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള KURDFC ലോൺ ബാധ്യതയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ലോൺ രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കിൽ ലോൺ വരവിന്റെയും, തിരിച്ചടവിന്റെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 33,33,785 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 33,33,785 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 33,33,785 |

വാർഷിക കണക്കും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങളും പൊരുത്തപ്പെടുന്നില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | തൊണ്ടർനാട് സഹകരണ ബാങ്ക്( No. FD/001001005489/1) | 624231 |
| 2 | തൊണ്ടർനാട് സഹകരണ ബാങ്ക് (FD/001001005490/1) | 621769 |

| | | |
|---|---|---|
| 3 | തൊണ്ടർനാട് സഹകരണ ബാങ്ക്<br>(FD/001001005491/1) | 621769 |
| 4 | കേരള ബാങ്ക്<br>(130251807520004) | 615217 |
| 5 | കേരള ബാങ്ക്<br>(130251807520005) | 363738 |
| 6 | കേരള ബാങ്ക്<br>(130251807520006) | 615207 |
| | ആകെ | 3461931 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 29(1),(2),(3),(4) | 1999 | 47 | മുൻകൂർ പണം നൽകിയ പദ്ധതികൾ നടപ്പാക്കിയില്ല. | |
| 2000-01 | 3-1 | 2006-07 | 3.94.1 | നിരവിൽപ്പുഴ – മുണ്ടങ്ങോത്ത് റോഡ് ടാറിംഗ് പ്രവർത്തിക്ക് കൂടുതൽ തുക നൽകി | |
| 2017-18 | 3.11 | 2018-19 | 4.C | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ നടത്താതെ തുക നൽകി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,14,53,035 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,62,43,911 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7425 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,27,013 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 1-15-1 | 7,425 | | ഡോ. ടി.ജി. ശിവദാസൻ,വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 5,98,566 | ശ്രീ. വിവേക് വേണഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-24 | 2,52,648 | ശ്രീമതി സുജാത , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 2,75,400 | ഡോ.ഷഹസാദ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-26 | 20,400 | ഡോ.ഷഹസാദ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-27(2) | 1,79,999 | ഡോ.ഷഹസാദ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 13,27,013 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിവേക് വേണഗോപാൽ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഉള്ള്യേരി ഗ്രാമപഞ്ചായത്ത് | വിവേക്, വൈശാഖം, കുതിരവട്ടം |
| ശ്രീമതി സുജാത പി.ഡി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്, പീച്ചാംകോട് | അമ്പാഴത്തടത്തിൽ, കൊട്ടാരക്കര |
| ഡോ.ഷഹസാദ്, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, തൊണ്ടർനാട് | കുനിയിൽ ഹൗസ്, അൽ സെയ്ദ് മഹൽ,കട്ടയാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(1) തീ: 29/09/2022 | 7 |
| 1997-98 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(2) തീ: 29/09/2022 | 14 |
| 1999-00 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(4) തീ: 29/09/2022 | 1 |
| 2001-02 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(6) | 1 |

| | | |
|---|---|---|
| | തീ: 29/09/2022 | |
| 2001-02 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു) പി3- 785/2006 തീ.22.06.2019 | 1 |
| 2004-05 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(9) തീ: 29/09/2022 | 2 |
| 2005-06 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(10) തീ: 29/09/2022 | 4 |
| 2006-07 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(11) തീ: 29/09/2022 | 2 |
| 2007-08 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(12) തീ: 29/09/2022 | 8 |
| 2008-09 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(13) തീ: 29/09/2022 | 11 |
| 2009-10 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(14) തീ: 29/09/2022 | 8 |
| 2010-11 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(15) തീ: 29/09/2022 | 3 |
| 2011-12, 2012-13 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(16) തീ: 29/09/2022 | 6 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(17) തീ: 29/09/2022 | 5 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(18) തീ: 29/09/2022 | 8 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(19) തീ: 29/09/2022 | 8 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(20) തീ: 29/09/2022 | 8 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(21) തീ: 29/09/2022 | 17 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2 – 706/2022(22) തീ: 29/09/2022 | 14 |
| 2019-20 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-1025/21 തീ.22.06.22 | 23 |
| 2020-21 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-1045/21 തീ.27.05.22 | 25 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
വയനാട് ജില്ലാ ഓഡിറ്റ് ഓഫീസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## Abstract of Annual Financial Statement

**Thondernadu Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 17506097.00 |
| Cash | Cash | RP-40(a) | 132247.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 957896.00 |
| 140000000 | Fees & User Charges | RP-4 | 717313.00 |
| 150000000 | Sale & Hire Charges | RP-5 | 228396.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 80991246.00 |
| 171000000 | Interest Earned | RP-9 | 81537.00 |
| 190000000 | Prior Period Income | RP-11 | 97277.00 |
| 210000000 | Establishment Expenses | RP-12 | 400.00 |
| 220000000 | Administrative Expenses | RP-13 | 7868.00 |
| 230000000 | Operations & Maintenance | RP-14 | 1485.00 |
| 251000000 | Decentralised Plan Programme - Service Sector | RP-17 | 1112.00 |
| 312000000 | Reserves | RP-29 | 29413.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17134620.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 17421760.00 |
| 460000000 | Loans, Advances and Deposits | RP-49 | 15000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 90.00 |
| 330000000 | Secured Loans | RP-31 | 12820000.00 |
| 340000000 | Deposits Received | RP-33 | 132722.00 |
| 350000000 | Other Liabilities | RP-35 | 814900.00 |
| | **Grand total** | | **149091379.00** |
| | **PAYMENTS** | | |
| | **Operating** | | |
| 190000000 | Prior Period Income | RP-11 | -84500.00 |
| 210000000 | Establishment Expenses | RP-12 | 2913668.00 |
| 220000000 | Administrative Expenses | RP-13 | 1165428.00 |
| 230000000 | Operations & Maintenance | RP-14 | 2729693.00 |
| 240000000 | Interest & Finance Charges | RP-15 | 71.00 |



Digitally signed by SOBA
Date: 2022.07.31 13:53:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 9157064.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 23158019.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 14030360.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1736945.00 |
| 412000000 | Capital Work In Progress | RP-39 | 9121195.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 5611034.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 724698.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11215093.00 |
| 460000000 | Loans, Advances and Deposits | RP-49 | 1102645.00 |
| 470000000 | Other Assets | RP-50 | 2330.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 1200000.00 |
| 340000000 | Deposits Received | RP-33 | 201062.00 |
| 350000000 | Other Liabilities | RP-35 | 32259106.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 32606572.00 |
| Cash | Cash | RP-40(b) | 240896.00 |
| | **Grand Total** | | **149091379.00** |

## Thondernadu Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5474654.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 85524.00 |
| 140000000 | Fee & User Charges | I-4 | 1029577.00 |
| 150000000 | Sale & Hire Charges | I-5 | 228796.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 257992218.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 81537.00 |
| 180000000 | Other Income | I-9 | 870874.00 |
| 190000000 | Prior Period Income | I-19 | 181777.00 |
| | **Total Income** | | **265763180.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 14380322.00 |
| 220000000 | Administrative Expenses | I-11 | 1770157.00 |
| 230000000 | Operations & Maintenance | I-12 | 6489650.00 |
| 240000000 | Interest & Finance Charges | I-13 | 1545.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7509193.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35706612.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 19117325.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 95855318.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 62240100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 925954.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by SOBAI
Date: 2022.07.31 13:53:41
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **243996176.00** |
| | **Gross Surplus / Deficit of income over Expenditure** | | **-21767004.00** |
| | **Gross Surplus / Deficit of income over Expenditure** | | **-21948781.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **181777.00** |

# Thondernadu Grama Panchayat
## BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 34731745.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3634.00 |
| 312000000 | Reserves | B-3 | 83690379.00 |
| | **Total Reserve & Surplus** | | **118425758.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 36989970.00 |
| | **Total Grants, Contributions for Specific Purposes** | | **36989970.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 42328998.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **42328998.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 395884.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1738101.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2133985.00** |
| | **TOTAL LIABILITIES** | | **199878711.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 16235824.00 |
| 412000000 | Capital Work in Progress | B-11(b) | 10339990.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 300000.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8466769.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 87226696.00 |
| 416000000 | Accumulated Depreciation | B-11(a) | -4100100.00 |
| | **Total Fixed Assets** | | **118469179.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 3333785.00 |



Digitally signed by SOBAI
Date: 2022.07.31 13:53:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **3333785.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 590780.00 |
| 431000000 | Sundry Debtors (Receivables) | B-15 | 11576539.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 27133998.00 |
| 450000000 | Cash and Bank Balance | B-17 | 32847468.00 |
| 460000000 | Loans, Advances and Deposits | B-18 | 5926962.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **78075747.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **199878711.00** |



Deputy Director (H.G.)
District Audit Office Wayanad
Kerala State Audit Department